# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സീതത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P6-247/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സീതത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P6-247/2023 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-05-2022 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിശ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 13-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2023 | 13-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ.പി.ബി.അരുൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോബി റ്റി ഈശോ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അശോകകുമാർ ജി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാഘവൻ പിസി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സിജു എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വിൻസെന്റ് സേവ്യർ | മെഡിക്കൽ ഓഫീസർ പിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.ഷിജി റ്റി എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി നവീത എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ ആനി ജോസഫ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.അരുൺകുമാർ എ.വി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ലിമ കെ.സെൻ | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി മേരി സേവ്യർ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ എസ് ബിനുരാജ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-11 |
| 12 | ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-12 |
| 13 | വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-13 |
| 14 | പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കൽ- അംഗീകൃത വാല്യുവേഷനിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചു | 1-14 |
| 15 | മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി വ്യാജരേഖ ചമച്ചു | 1-15 |
| 16 | ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമായില്ല - നടപടിക്രമങ്ങളിൽ വീഴ്ച | 1-16 |
| 17 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി | 1-17 |
| 18 | മത്സ്യകൃഷി വികസനം - അധികം സബ്സിഡി നൽകി | 1-18 |
| 19 | അനുമതിയില്ലാത്ത സ്ഥാപനത്തിൽനിന്ന് ഉയർന്ന വിലയ്ക്ക് എൽഇഡി ലൈറ്റുകൾ വാങ്ങി | 1-19 |
| 20 | എബിസി പ്രോഗ്രാം - തുടർ നിരീക്ഷണമില്ല | 1-20 |
| 21 | ആങ്ങമൂഴി കുട്ടവഞ്ചി ഇക്കോ ടൂറിസം പദ്ധതി - 7.5 ലക്ഷം രൂപ പാഴായി | 1-21 |
| 22 | മൈക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിൽ അപാകതകൾ - അധികച്ചെലവ് | 1-22 |
| 23 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. | 1-23 |
| 24 | പഞ്ചായത്ത് അഭിമുഖീകരിക്കുന്നത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി | 1-24 |
| 25 | മുൻകൂർ പണമടച്ചു - മരുന്നുകൾ ലഭിച്ചില്ല | 1-25 |
| 26 | മുൻകൂർ ക്രമീകരിച്ചില്ല | 1-26 |

| | | |
|---|---|---|
| 27 | ഭവന പുനരുദ്ധാരണം - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-27 |
| 28 | കേടായ തെങ്ങ് മുറിച്ചുമാറ്റൽ - പുതിയ തെങ്ങ് വെച്ചു പിടിപ്പിച്ചതായി ഉറപ്പുവരുത്താതെ സബ്സിഡി നൽകി | 1-28 |
| 29 | സംസ്ഥാന സർക്കാർ സ്കീമിലെ സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-29 |
| 30 | നിർമ്മാണ പ്രവൃത്തികൾ - ഇ ടെണ്ടർ നടപടികൾ ഒഴിവാക്കിയും ചട്ടങ്ങൾ ലംഘിച്ചും കരാറുകാരെ നിശ്ചയിച്ചു | 1-30 |
| 31 | അങ്കണവാടി പോഷകാഹാര വിതരണം - വിതരണ രജിസ്റ്റർ പൂർണ്ണമല്ല | 1-31 |
| 32 | പെർഫോമൻസ് സെക്യൂരിറ്റി തുക ഈടാക്കിയതിന്റെയും തിരികെ നൽകിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി | 3-1 |
| 2 | മൈക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിൽ അപാകതകൾ - അധികച്ചെലവ് | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, 20.02.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തൻവർഷം ബജറ്റ് പരിഷ്കരിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 16.05.2022-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. വിവിധ ധനകാര്യ പത്രികകൾ പ്രകാരമുള്ള സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാലൻസ് ഷീറ്റ് (31.03.2023)

| | |
|---|---|
| ആകെ ആസ്തി മൂല്യം | 159290892 |
| ആകെ ബാധ്യത(ജനറൽ ഫണ്ട് ഒഴികെ) | 141949736 |
| ജനറൽ ഫണ്ട് | 17341156 |

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 212632986 |
| ആകെ ചെലവ് | 198722338 |
| മിച്ച ഫണ്ട് | 13910648 |

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് | 2986703 |
| വരവ് | 167638509 |
| ആകെ | 170625212 |
| ചെലവ് | 143767378 |
| നീക്കിയിരിപ്പ് | 26857834 |

പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി.4.-

   A. എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ Centrally Sponsored Scheme -ICDS, Grants, Funds & Contributions For Specific Purposes -Other Government Agencies, Grants From Suchithwa Mission എന്നീ ശീർഷകങ്ങളിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

   B. സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരുപ്പ് തുകയും ഈയാവശ്യത്തിനുള്ള തുകകൾ സൂക്ഷിക്കുന്ന ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ ബി.5.-

   KURDFC Loan നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് മുൻവർഷ ബാലൻസ് ഷീറ്റിലെ തുക തന്നെയാണ്. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്രോതസ്സിൽ കുറവ് ചെയ്ത തുക ലോൺ തിരിച്ചടവായി വരവ് വെച്ചിട്ടില്ല.

3. ഷെഡ്യൂൾ ബി.7.-

   മുൻ വർഷങ്ങളിൽ ലഭിച്ചതും തിരികെ നൽകാനുള്ളതുമായ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്തിട്ടില്ല. വിവിധ ഇനത്തിലുള്ള ആകെ തുകകൾ ഓപ്പണിംഗ് ബാലൻസായി രേഖപ്പെടുത്തി തൻവർഷ വരവ് തുകകൾ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

4. ഷെഡ്യൂൾ ബി.15.-

   റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.

5. ഷെഡ്യൂൾ ബി.16.- KURDFC ലോണിൽ നിന്നുള്ള ചെലവ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടില്ല.

6. ഷെഡ്യൂൾ ബി.18.-

A. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

B. Advance To Others എന്ന ശീർഷകത്തിലും അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയ്ക്കായി അഡ്വാൻസ് നൽകിയിട്ടുള്ള തുക NREGS വിഭാഗം ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2986703 |
| വരവ് | 167638509 |
| ആകെ | 170625212 |
| ചെലവ് | 143767378 |
| നീക്കിയിരിപ്പ് | 26857834 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 74658834 | 74658834 | 67228171 | 7430663 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3228335 | 3228335 | 2204068 | 1024267 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 994000 | 994000 | 994000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 28008087 | 28008087 | 8718634 | 19289453 (ലാപ്സായത്-2852423 നീക്കിയിരുപ്പ്-16437030) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 15532054 | 15532054 | 5907892 | 9624162 (ലാപ്സായത്-1966108 നീക്കിയിരുപ്പ്-7658054) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12883095 | 12883095 | 8331205 | 4551890 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 11695287 | 11695287 | 7193810 | 4501477 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 2782249 | 130000 | 2912249 | 646820 | 2265429 |
| ശബരിമല ഗ്രാന്റ് | 3164326 | 1550000 | 4714326 | 721379 | 3992947 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 87776 | 37782765 | 37870541 | 37864649 | 5892 |
| ഐ.സി.ഡി.എസ് | 638558 | 597363 | 1235921 | 76292 | 1159629 |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി. വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക, അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി നൽകേണ്ട തുക എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു.

സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി എടുത്തിട്ടുള്ളത്. തൻമൂലം വികസന ഫണ്ട് പോതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി. എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | KURDFC ലോൺ തിരിച്ചടവ് | അങ്കണവാടി-അധിക വേതനം | | |
| വികസന ഫണ്ട്-പൊതുവിഭാഗം | 74658834 | 1804000 | 1121400 | 71733434 | 71733434 |
| വികസന ഫണ്ട്-എസ്.സി.പി. | 3228335 | 220000 | - | 3008335 | 3008335 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 994000 | 73333 | - | 920667 | 920667 |

B. പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി. വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്ക് ജി.ഒ. പ്രോജക്റ്റ് വയ്ക്കാത്തതിനാൽ ടി.തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവായി ഉൾപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റിൽ നിന്നുള്ള യഥാർത്ഥചെലവ് 5907892രൂപയാണ് എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 8587074രൂപയാണ് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. പി.എഫ്.എം.എസ്. സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാർമൂലം മാർച്ച് മാസത്തിൽ നടത്തിയ ചില പേയ്മെന്റുകൾ പൂർത്തിയാകാത്തതിനാലാണ് ഇത്തരത്തിൽ വ്യത്യാസമുണ്ടായത്. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | യഥാർത്ഥ നീക്കിയിരുപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 74658834 | 71733434 | 67228171 | 65424171 | 7430663 | 6309263 |
| വികസന ഫണ്ട്-എസ്.സി.പി. | 3228335 | 3008335 | 2204068 | 1984068 | 1024267 | 1024267 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 994000 | 920667 | 994000 | 920667 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 15532054 | 15532054 | 5907892 | 8587074 | 9624162 | 6944980 |

C. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ്, നീക്കിയിരുപ്പ് തുകകൾ കൃത്യമല്ല. ആയത് വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലെ വരവ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| (എണ്ണം) | | | | | |
| 260 | 223022715 | 188 | 124901385 | 72 | 56 |

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദന മേഖല | 31442433 | 23557005 | 74.92 |
| സേവന മേഖല | 151737277 | 76298862 | 50.28 |
| പശ്ചാത്തല മേഖല | 39843005 | 25045518 | 62.86 |
| ആകെ | 223022715 | 124901385 | 56 |

C.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 12 | 10980240 | 7739313 | 70.48 |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 4753000 | 3156500 | 66.41 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 6 | 6 | 2565540 | 2098112 | 81.78 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 700000 | 700000 | 100 |
| 5 | വി.ഇ.ഒ. | 19 | 15 | 80373820 | 40276020 | 50.11 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 5600000 | 3763804 | 67.21 |
| 7 | സെക്രട്ടറി | 54 | 42 | 39272343 | 29609988 | 75.4 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 140 | 89 | 68216005 | 31409400 | 46.04 |
| 9 | ഹെഡ് മാസ്റ്റർ | 2 | 0 | 200000 | 0 | 0 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 7263867 | 4529097 | 62.35 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 474251 | 79.04 |
| | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1797900 | 444900 | 24.75 |
| | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 700000 | 700000 | 100 |
| | | 260 | 188 | 223022715 | 124901385 | 56 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 87776 | 1474271 | 1562047 | 1556155 | 5892 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36308494 | 36308494 | 36308494 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 22461 | 28096800 |
| വിധവാ പെൻഷൻ | 8251 | 10820600 |
| കർഷക തൊഴിലാളി പെൻഷൻ | 3549 | 4569500 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 2330 | 3068000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 108 | 144000 |
| തൊഴിൽ രഹിത വേതനം | 91 | 92280 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.2023 തീയതിയിൽ 1.58 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 6810 (ആറായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീത് നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നതിലും, ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക് / ഡിഡി രൂപത്തിലും ലഭിക്കുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പർച്ചേസിംഗ് / പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലല്ല എല്ലാ വാങ്ങലുകളും നടത്തിയിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. അസി എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ അഞ്ച് ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ ഉള്ള മരാമത്ത് പ്രവൃത്തികൾ ഇ- ടെണ്ടർ ചെയ്യാതെയാണ് കരാറുകാർക്ക് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്. കൂടാതെ, മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി വ്യാജരേഖ ചമച്ച സംഭവവും ശ്രദ്ധയിൽപ്പെട്ടു.

മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നതിൽ വീഴ്ചയുണ്ടായി. ഈ വിഷയം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.04.2022 | 01/2022 TO 03/2022 | 28.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2016 | 2011-12 To 2015-16 | 24.08.2016 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ (13 എണ്ണം) | 1st & 2nd |
| 2 | പനങ്ങാട് ഹോളോബ്രിക്സ്, 11/230 | 1st & 2nd |
| 3 | കൈരളി ബ്രിക്സ് & ഇൻഡസ്ട്രീസ്, 12/142A | 1st & 2nd |
| 4 | എം.ആർ.ജി. ഫ്യൂവൽസ്, 11/279 | 1st & 2nd |
| 5 | മാളിയേക്കൽ കാറ്ററിംഗ്, 6/440 | 1st & 2nd |
| 6 | ഫാത്തിമ ഫിഷറീസ്, 8/84, 85 | 1st & 2nd |
| 7 | അതുല്യ ടെക്സ്റ്റൈൽസ്, 11/462 | 1st & 2nd |
| 8 | അലങ്കാർ കാറ്ററിംഗ്, സൗണ്ട്സ് & ഹയറിംഗ് സെന്റർ, 11/646 | 1st & 2nd |
| 9 | കെ.എൻ.പി. കൺസ്ട്രക്ഷൻസ്, 10/128 | 1st & 2nd |
| 10 | ആര്യപള്ളിൽ ഇവന്റ്സ് & സൗണ്ട്സ്, 11/442 | 1st & 2nd |

കെ.എഫ്.ഡി.സി.യുടെ ഗവി എക്കോ ടൂറിസത്തിൽ 30 ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 10 ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

തൊഴിൽ നികുതി പിരിവിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/07.03.23), സ്ഥാപനത്തിന് ലൈസൻസ് ഉണ്ടെങ്കിൽ പോലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് പ്രായോഗിക തടസ്സം അനുഭവിക്കുന്നതായും ജീവനക്കാരുടെ ശമ്പളവും മറ്റ് വിവരങ്ങളും സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ഏതൊരു കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും കൈവശക്കാരനോടും നികുതിയ്ക്ക് വിധേയരായവരുടെ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് 205C പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു തൊഴിലുടമയോടും അയാളുടെയും അവിടെ തൊഴിലെടുക്കുന്ന എല്ലാവരുടെയും വിവരങ്ങളടങ്ങിയ ലിസ്റ്റ് ജീവനക്കാരുടെ ശമ്പള/വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുകയിൽ ഒരു ഭാഗം നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

സീതത്തോട് വില്ലേജിൽ സർവ്വേ നം. 178/3, 181/2 എന്നിവയിലുള്ള 1004ച.മീ പ്ലോട്ടിൽ 258.74 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. കിഷോർ രാജൻ, പുളിമൂട്ടിൽ, സീതത്തോട് എന്ന

വ്യക്തിക്ക് 28.01.2022-ൽ S3-BA(33340)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണവിവരങ്ങളും പെർമിറ്റ് അനുവദിച്ചതിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം(ച.മീ.) | |
|---|---|---|
| തറനിരപ്പ് നില | 109.35 | വാണിജ്യാവശ്യം |
| ഒന്നാം നില | 126.17 | പാർപ്പിടാവശ്യം |
| സ്റ്റെയർ ക്യാബിൻ | 23.22 | |
| ആകെ | 258.74 | |

1. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ കൃത്യമായ വിവരങ്ങൾ പ്ലാനിൽ കാണിച്ചിട്ടില്ല

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഓരോ നിലകളുടെയും വിസ്തീർണ്ണം, അവയുടെ വിനിയോഗഗണം, ബിൽറ്റ് അപ്പ് ഏരിയ, ഫ്ലോർ ഏരിയ എന്നിവ സംബന്ധിച്ച് വിശദമായ വിവരങ്ങൾ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം കെട്ടിടത്തിന്റെ കവറേജ്, പാർക്കിംഗ് ആവശ്യകത എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഭൂനിരപ്പിലുള്ള നിലവിലുള്ളതും നിർദ്ദിഷ്ടവുമായ എല്ലാ കെട്ടിടങ്ങളുടെയും തുറസ്സായ സ്ഥലങ്ങളും ഭൂനിരപ്പിന് മുകളിലോ, താഴെയോ ഉള്ള നിർദ്ദിഷ്ടവും നിലവിലുള്ളതുമായ കെട്ടിടങ്ങളും അവയുടെ ഉപയോഗം സഹിതം സൈറ്റ് പ്ലാനിൽ കൃത്യമായി കാണിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ)2019, ചട്ടം6(4)(iv)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്ലോട്ട് വിസ്തീർണ്ണത്തിന്റെ സംക്ഷിപ്ത പട്ടിക, കവേർഡ് ഏരിയ, നിലവിലുള്ളതും നിർദ്ദിഷ്ടവുമായ എല്ലാ കെട്ടിടങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും ഫ്ലോർതലത്തിലും ഉപയോഗ തലത്തിലുള്ളതുമായ നിർമ്മിത വിസ്തൃതി, ഫ്ലോർ സ്പേസ് ഇൻഡക്സ്, കവറേജ് എന്നിവയും ചട്ടം 6(4)(v) പ്രകാരം സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നമ്പറുകൾ 11/423, 11/424 എന്നിവയാണെന്നും ആകെ വിസ്തീർണ്ണം 1162.97 ച.മീ. ആണെന്നുമാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആകെ 13 കെട്ടിട നമ്പറുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങളുടെ എല്ലാം കൂടി ആകെ വിസ്തീർണ്ണം 1061.29 ച.മീ. മാത്രമാണ്. അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിട നമ്പറുകളുടെയും വിസ്തീർണ്ണത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം(ച.മീ.) | വിനിയോഗഗണം |
|---|---|---|
| 11/423 | 182 | പാർപ്പിടാവശ്യം |
| 11/424 | 163 | വാണിജ്യാവശ്യം |
| 11/424/A | 17 | പാർപ്പിടാവശ്യം |
| 11/424/B | 27 | പാർപ്പിടാവശ്യം |
| 11/424/C | 93 | പാർപ്പിടാവശ്യം |
| 11/424/D | 36 | പാർപ്പിടാവശ്യം |
| 11/424/E | 156 | പാർപ്പിടാവശ്യം |
| 11/424/F | 43.03 | പാർപ്പിടാവശ്യം |
| 11/424/G | 43.03 | പാർപ്പിടാവശ്യം |
| 11/424/H | 43.03 | പാർപ്പിടാവശ്യം |
| 11/424/I | 129.08 | പാർപ്പിടാവശ്യം |
| 11/424/J | 64.56 | പാർപ്പിടാവശ്യം |
| 11/424/K | 64.56 | പാർപ്പിടാവശ്യം |
| ആകെ | 1061.29 | |

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 1162.97 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 1061.29ച.മീ. മാത്രമാണ് അസ്സസ് ചെയ്തിട്ടുള്ളത്. 101.68ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി അസ്സസ് ചെയ്തിട്ടില്ല.

3. മതിയായ പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമല്ല

ചട്ടം 6(8) പ്രകാരമുള്ള പാർക്കിംഗ് ആവശ്യകത കണക്കാക്കുന്നതിനുള്ള സംക്ഷിപ്ത പട്ടിക പ്ലാനിൽ കാണിച്ചിട്ടില്ല. പാർക്കിംഗ് പ്ലാൻ പ്രകാരം പ്ലോട്ടിൽ 6-കാറുകൾക്കുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ആകെ 12 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ആവശ്യമാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിച്ചതിന്

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(9/07.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-13 വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെയും മാർക്കറ്റിലെ ഓപ്പൺ സ്റ്റാളുകളുടെയും വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറി | വാടകക്കാരന്റെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.1 | ജിതിൻ വി. ദേവ് | 6560 |
| ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.3 | പ്രസന്നകുമാർ | 2728 |
| ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.16 | സുരേഷ്കുമാർ | 2228 |
| ഓപ്പൺ സ്റ്റാൾ.3 | രാജേഷ് പി. ആർ. | 5895 |
| ഓപ്പൺ സ്റ്റാൾ.5 | ശാന്താമണി പി. ആർ. | 922 |
| ആകെ | | 18333 |

വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/07.03.23), വാടക കുടിശ്ശിക വരുത്തിയവർക്ക് നേരിട്ടും, തപാലിലും നോട്ടീസുകൾ നൽകിയിരുന്നതായും എന്നാൽ കുടിശ്ശിക തുക നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.


## 1-14 പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കൽ- അംഗീകൃത വാല്യുവേഷനിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചു

പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി പഞ്ചായത്തിലെ പഴയ ഷോപ്പിംഗ് കോംപ്ലക്സ്, വെയ്റ്റിംഗ് ഷെഡ്, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ പൊളിച്ചു നീക്കുന്നതിനുള്ള അവകാശം പരസ്യ ലേലം നടത്തി 56600രൂപയ്ക്ക് [17.01.2022-ലെ 3(1) തീരുമാന പ്രകാരം] ശ്രീ മുഹമ്മദ് ആഷിഖ് എം., എം.കെ.കെ. ട്രേഡേഴ്സ്, ആനപ്പാറ, പത്തനംതിട്ട എന്ന വ്യക്തിയ്ക്ക് നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വാല്യുവേഷൻ -സർവ്വേ റിപ്പോർട്ട് തുകയായ 212761രൂപയിൽ കുറയാത്ത തുകയ്ക്ക് പരസ്യ ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിനാണ് 03.01.2022-ലെ PAN/15899/2021-C7(DP) നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകിയിരുന്നത്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായിട്ടാണ് കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചു നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ലേല ഡയറി ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (16/08.03.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ടിട്ടുള്ള രേഖകളും വിശദീകരണവും അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി വ്യാജരേഖ ചമച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് വ്യാജമായ ഭരണാനുമതി ചമച്ചു. ഫയലിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കമ്മറ്റിത്തീരുമാനപ്പകർപ്പ് സകർമ്മയിലെ വിവരങ്ങളുമായി ഒത്തുനോക്കിയതിലാണ് ഈ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടത്.

ചുവടെ പറയുന്ന പ്രോജക്ടുകൾക്ക് 06.11.2021 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. സകർമ്മയിലെ തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കി.



സീതത്തോട് ഗ്രാമപഞ്ചായത്ത്
06.11.2021 ലെ തീയതി നടന്ന സാധാരണ മിറ്റിംഗിലെ
1(6) -ാം നമ്പർ തീരുമാനം

അതിശക്തമായ കാലവർഷത്തിൽ തകർന്ന സീതത്തോട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ചുവടെ പറയുന്ന റോഡുകള്,കുടിവെള്ള പദ്ധതികൾ അടിയന്തിരമായി ക്വട്ടേഷൻ നടപടികള് സ്വീകരിച്ച് പൂർത്തീകരിക്കുന്നതിന് ഭരണസമിതി യോഗം ഏകകണ്ഠേന അംഗീകരിച്ചും തുടർ നടപടികള് സ്വീകരിക്കുന്നതിന് അസി.എൻജിനിയർ ,സീതത്തോടിനെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

1. 282/22 മഴക്കെടുതിയിൽ തകർന്ന കോട്ടമൺപാറ റോഡിലെ കലുങ്ക്പാലം എന്നിവയുടെ പുനരുദ്ധാരണം
2. 182/22 കോട്ടമൺപാറ കുടിവെള്ള പദ്ധതി പൈപ്പ്ലൈന് സ്ഥാപിക്കല് അനുബന്ധ പണികള്
3. 179/22 ഭയങ്കരാംമുടി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈന് സ്ഥാപിക്കല്
4. 245/22 ആനപ്പാറ കുടിവെള്ള പദ്ധതി അനുബന്ധപണികൾ
5. 178/22 വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ
6. 283/22 മഴക്കെടുതിയിൽ തകർന്ന തേക്കുംമൂട് റോഡ് പുനരുദ്ധാരണം -
7. 181/22 കൊച്ചാണ്ടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കല്
8. 105/22 6-ാംാം വാർഡിലെ വിവിധ നടപ്പാതകളില് സ്റ്റെപ്പ് നിർമ്മാണം (6)
9. 90/22 പഞ്ചായത്ത് വക ഭൂമി വേലികെട്ടി സംരക്ഷിക്കുക
10. 252/22 വിഷ്ണു ഭവൻ പടി റോഡ് നവീകരണം
11. 150/22 കൊച്ചുകോയിക്കൽ ഫോറസ്റ്റേഷന് മോടിയിൽപ്പടി സംരക്ഷണ ഭിത്തി(7)
12. 274/22 - തേവർമല റോഡ് കോൺക്രീറ്റ് (2)
13. 175/22 പൊതുശൌചാലയങ്ങളുടെ അറ്റകുറ്റപണി
14. 156/22 - വിവിധ എസ്സി കോളനിയിലെ റോഡ് കലുങ്ക്സ്റ്റെപ്പ് നിർമ്മാണം

//ശരിപ്പകർപ്പ്//

(ഒപ്പ്)
പ്രസിഡന്റ്
സീതത്തോട് ഗ്രാമപഞ്ചായത്ത്

G. ASHOKA KUMAR
Secretary
Seethathodu Grama Panchayat
Seethathodu P.O.
Pathanamthitta - 689 667
Ph: 04735 258048 Mob: 9496042665

Attested
ASSISTANT ENGINEER
L.S.G.D SECTION
SEETHATHODU

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് |
|---|---|---|
| 1. | 282/22 | മഴക്കെടുതിയിൽ തകർന്ന കോട്ടമൺ പാറ റോഡിലെ കലുങ്ക്, പാലം എന്നിവയുടെ പുനരുദ്ധാരണം |
| 2. | 182/22 | കോട്ടമൺപാറ കുടിവെള്ളപദ്ധതി പൈപ്പ്ലൈൻ സ്ഥാപിക്കൽ അനുബന്ധ പണികൾ |
| 3. | 179/22 | ഭയങ്കരാംമുടി കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കൽ |
| 4. | 245/22 | ആനപ്പാറ കുടിവെള്ള പദ്ധതി അനുബന്ധ പണികൾ |
| 5. | 178/22 | വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ |
| 6. | 283/22 | മഴക്കെടുതിയിൽ തകർന്ന തേക്കുംമൂട് റോഡ് പുനരുദ്ധാരണം |
| 7. | 181/22 | കൊച്ചാണ്ടി കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ സ്ഥാപിക്കൽ |
| 8. | 105/22 | ആറാം വാർഡിലെ വിവിധ നടപ്പാതകളിൽ സ്റ്റെപ്പ് നിർമ്മാണം |
| 9. | 90/22 | പഞ്ചായത്ത് വക ഭൂമി വേലികെട്ടി സംരക്ഷിക്കുക |
| 10. | 252/22 | വിഷ്ണുഭവൻപടി റോഡ് നവീകരണം |
| 11. | 150/22 | കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷൻ - മോടിയിൽപ്പടി സംരക്ഷണഭിത്തി |
| 12. | 274/22 | തേവർമല റോഡ് കോൺക്രീറ്റിംഗ് |
| 13. | 175/22 | പൊതുശൌചാലയങ്ങളുടെ അറ്റകുറ്റപ്പണികൾ |
| 14. | 156/22 | വിവിധ എസ് സി കോളനികളിലെ റോഡ്, കലുങ്ക്, സ്റ്റെപ്പ് നിർമ്മാണം |

സകർമ്മ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള മിനിട്സ് പരിശോധിച്ചതിൽ, ക്രമ നം.1,5,6,9,12,13,14 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ 06.11.2021ലെ 1(6)-ാം നമ്പർ തീരുമാനത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന വ്യക്തമായി. ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ എപ്രകാരമാണ് നിർവ്വഹണം നടത്തിയതെന്ന് വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകി (19/09.03.2023). കമ്മറ്റിയുടെയോ സെക്രട്ടറിയുടെയോ അറിവോടെയല്ല ഇപ്രകാരം വ്യാജരേഖ ചമച്ചതെന്നും ഇതിനെപ്പറ്റി അന്വേഷിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ വ്യാജമായി ഭരണാനുമതിരേഖ ചമച്ച് പ്രോജക്ടുകൾ നടപ്പിലാക്കിയതു സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-16 ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമായില്ല - നടപടിക്രമങ്ങളിൽ വീഴ്ച

ഗ്രാമപ്പഞ്ചായത്ത് 44.24ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമായില്ല. മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അഗ്നിരക്ഷാ വകുപ്പിൽനിന്നും പ്രവർത്തനാനുമതിയും ലഭിച്ചിട്ടില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച പണം നിഷ്ഫലമായി.

സീതത്തോട് ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സീതത്തോട് വില്ലേജിൽ കൊച്ചാണ്ടിയിൽ സർവ്വേ നം.1263/3ൽപ്പെട്ട സ്ഥലത്ത് ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് 2020-21-ൽ ഫിനാൻസ് കമ്മീഷൻ (ടൈഡ്) ഗ്രാന്റ് 39998500രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചു. 03.02.2021ൽ ഭരണാനുമതി ലഭിച്ച പ്രോജക്ടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, നിർമ്മാണം എന്നിവ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചു. പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള അനുമതി വാങ്ങിയില്ല

ജില്ലാ കളക്ടറിൽനിന്നുള്ള ഒരു ലൈസൻസ് കൂടാതെ ശവം മറവു ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ പൊതുവായതോ സ്വകാര്യമായതോ ആയ യാതൊരു പുതിയ സ്ഥലവും ഏർപ്പെടുത്തുകയോ നിർമ്മിക്കുകയോ ചെയ്യാൻ പാടില്ലായെന്ന് 1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6(1) നിഷ്കർഷിക്കുന്നു. എന്നാൽ ഇപ്രകാരം ജില്ലാ കളക്ടറിൽനിന്ന് അനുമതി തേടാതെയാണ് വാതക ശ്മശാനം നിർമ്മിച്ചിട്ടുള്ളത്.

2.അംഗീകാരമില്ലാത്ത സ്ഥാപനത്തെ നിർമ്മാണച്ചുമതല ഏൽപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൽപിജി ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ, പ്രവൃത്തി പരിപാലനം എന്നിവ നടത്തുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാക്കളായി മൂന്ന് ഏജൻസികളുടെ പട്ടിക, ശുചിത്വ മിഷൻ ഡയറക്ടർ 23.12.2019ൽ 2241/C1 /2019/SMഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനത്തിനാണ് ആധുനിക വാതക ശ്മശാനത്തിന്റെ നിർമ്മാണച്ചുമതല നൽകിയത്.

ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നതിന് 21.01.2021ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(6)-ാം നമ്പരായി തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനം 22.01.2021ലെ എസ്.6/388(1)-ാം നമ്പർ കത്ത് മുഖേന സെക്രട്ടറി, ജില്ലാ നിർമ്മിതി കേന്ദ്രത്തെ അറിയിക്കുകയും ചെയ്തു. ജില്ലാ നിർമ്മിതി കേന്ദ്രം 3995000രൂപ അടങ്കലുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 27.01.2021ൽ പഞ്ചായത്തിനു നൽകി. ഇപ്രകാരം ശുചിത്വമിഷന്റെ അംഗീകാരമില്ലാത്തതും ആധുനിക വാതക ശ്മശാനം സ്ഥാപിച്ച് പരിചയമില്ലാത്തതുമായ സ്ഥാപനത്തെ നിർമ്മാണച്ചുമതല ഏൽപ്പിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

3.നിർമ്മാണ സാങ്കേതികവിദ്യ പരിഗണിക്കാതെ നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചു

ഫർണസ്, ചിമ്മിനി എന്നിവ സ്ഥാപിക്കുന്നതാണ് ഏറ്റവും പ്രധാന ഘട്ടം. ഇതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ പക്കൽ ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടില്ല. ചെലവുകുറഞ്ഞ സാങ്കേതികവിദ്യ പ്രകാരം നിർമ്മാണം നടത്തുമ്പോൾ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിനെക്കാൾ കുറവായിരിക്കണം ആകെ ചെലവെന്ന് ജി.ഒ.(പി) നം.77/2019ഫിൻ തീയതി 04.07.2019ൽ നിഷ്കർഷിക്കുന്നു. എന്നാൽ പിഡബ്ല്യുഡി നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണച്ചുമതല നൽകിയത് ക്രമപ്രകാരമല്ല.

4.ശുചിത്വ മിഷന്റെ നിർദ്ദേശം പാലിച്ചില്ല

ആധുനിക വാതക ശ്മശാനം സ്ഥാപിക്കുന്നതിനു തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ എല്ലാ അംഗീകൃത സേവന ദാതാക്കൾക്കും തങ്ങളുടെ ഓഫർ സമർപ്പിക്കുവാൻ അവസരം ലഭിക്കുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പ് നൽകണമെന്നും, പ്രൊക്യൂർമെന്റ് മാനുവലിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ചു മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കാൻ പാടുള്ളൂവെന്നും ശുചിത്വമിഷന്റെ നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. അംഗീകൃത സേവന ദാതാക്കളെ അറിയിക്കാതെയും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും പ്രോജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

5. ഫർണസ് സ്ഥാപിക്കുന്നതിന് ജില്ലാ ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല

അക്രഡിറ്റഡ് ഏജൻസികൾക്ക്, അവർ ഏറ്റെടുത്തു നടത്തുന്ന, ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജി.ഒ.(പി) നം.25/2018/ഫിൻ തീയതി 21.02.2018 പ്രകാരം അനുവാദമുണ്ട്. എന്നാൽ ഇത്തരം സാങ്കേതിക വിദ്യ പ്രകാരമാണോ ശ്മശാന ഭാഗങ്ങൾ നിർമ്മിക്കുന്നത് എന്നതു സംബന്ധിച്ച് വ്യക്തത വരുത്താതെയാണ് ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണച്ചുമതല ആൽപ്പിച്ചത്. ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണത്തിന് നിയമാനുസൃതം അധികാരമില്ലാത്ത ഇനങ്ങളായ ഫർണസ്, ചിമ്മിനി എന്നിവ സ്ഥാപിക്കൽ, പ്രവൃത്തി പരിപാലനം എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകേണ്ടത് ജില്ലാ ശുചിത്വ മിഷൻ

ആണ്. എന്നാൽ ഇപ്രകാരം സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.

6.കമ്മറ്റിത്തീരുമാനത്തിനു വിരുദ്ധമായി കരാറിലേർപ്പെട്ടു

പത്തനംതിട്ട ജില്ലയിൽ ടെണ്ടർ കൂടാതെ, ചെലവുകുറഞ്ഞ നിർമ്മാണ രീതികൾ അവലംബിച്ചുള്ള നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെടുന്നതിന് നോൺ പിഎംസി (Non Project Management Consultancy) ആയും ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾക്ക് പിഎംസി ആയും പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകി സർക്കാർ ഉത്തരവ് [ജി.ഒ.(പി).നം.08/2020/ഫിൻ തീയതി 15.01.2020] പുറപ്പെടുവിച്ചിട്ടുണ്ട്.

03.02.2021ലെ പഞ്ചായത്തുകമ്മറ്റി, 3995000രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൺസ്ട്രക്ഷൻ ഓഫ് ജനറൽ സിവിൽ വർക്ക് - പി.എം.സി എന്ന പരിഗണന പാലിച്ച് കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 1(8)-ാം നമ്പർ തീരുമാനമെടുത്തിരുന്നു. കമ്മറ്റിയുടെ ഇപ്രകാരമുള്ള തീരുമാനം ഉൾപ്പെടുത്താതെ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെടണമെന്നു മാത്രമാണ് സെക്രട്ടറി 04.02.2021ൽ നിർമ്മിതി കേന്ദ്രത്തിനു നൽകിയ കത്തിൽ പറഞ്ഞിട്ടുള്ളത്.

കൺസ്ട്രക്ഷൻ ഓഫ് ജനറൽ സിവിൽ വർക്ക് - പി.എം.സി എന്ന നിബന്ധന പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രം പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്ന നിലയിൽ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, പ്രവൃത്തി ടെണ്ടർ ചെയ്ത് നൽകൽ, പ്രവൃത്തിയുടെ മേൽനോട്ടം എന്നിവയാണ് പി.എം.സിയുടെ ചുമതലകൾ. ഇതിനായി നിർമ്മിതി കേന്ദ്രത്തിന് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതാണ്. എട്ട് ശതമാനം സർവ്വീസ് ടാക്സ് ഇനത്തിൽ 266333 രൂപ ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

09.02.2021ൽ ജില്ലാ നിർമ്മിതികേന്ദ്രം പ്രോജക്ട് മാനേജരും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ പ്രകാരം നോൺ പിഎംസി എന്ന നിലയിൽ ജില്ലാ നിർമ്മിതികേന്ദ്രം നേരിട്ടാണ് നിർമ്മാണം നടത്തുന്നത്. ഇത് പഞ്ചായത്തു കമ്മറ്റിയുടെ തീരുമാനത്തിനു വിരുദ്ധമാണ്. നേരിട്ട് നിർമ്മാണം നടത്തുന്ന സംഗതിയിൽ സർവ്വീസ് ടാക്സ് നൽകിയതിന്റെ കാരണം വ്യക്തമല്ല.

7.തുടർ പരിപാലനത്തിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല

ശുചിത്വമിഷന്റെ അംഗീകൃത സേവനദാതാക്കൾ ശ്മശാനം സ്ഥാപിച്ചുകഴിഞ്ഞാൽ മൂന്നു മാസത്തിലൊരിക്കൽ അവർ സ്ഥാപിച്ച ഉപകരണങ്ങൾ നിർബന്ധമായും പരിശോധിക്കുകയും ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണമെന്ന് നിബന്ധനയുണ്ട്. പത്തുവർഷം കഴിഞ്ഞാലും സ്ഥാപനം ആവശ്യപ്പെട്ടാൽ തുടർന്നും സേവനം നൽകാൻ ഇവർ ബാദ്ധ്യസ്ഥരാണ്. എന്നാൽ തങ്ങൾ സ്ഥാപിച്ച ഉപകരണങ്ങൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രം അഞ്ചുവർഷത്തെ വാറന്റി നൽകുന്നുണ്ടെങ്കിലും തുടർ പരിപാലനം സംബന്ധിച്ച വ്യവസ്ഥകളൊന്നും കരാറിലില്ല.

8.നിയമവിരുദ്ധമായി രണ്ടുതവണ മുൻകൂർ നൽകി

പിഎംസി എന്ന നിലയിൽ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ പാടില്ലാത്തതാണ്. എന്നാൽ ജില്ലാ നിർമ്മിതികേന്ദ്രവുമായി നോൺ പിഎംസി എന്ന നിലയിൽ കരാറിലേർപ്പെടുകയും, 799700രൂപ മുൻകൂർ നൽകുകയും ചെയ്തു. എന്നാൽ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാതിരുന്നിട്ടും 16.11.2021ലെ പഞ്ചായത്ത് കമ്മറ്റി, അറുപത് ശതമാനം തുക മുൻകൂർ അനുവദിക്കാൻ 1(1)-നമ്പരായി തീരുമാനം എടുക്കുകയും 29.11.2021ൽ 1919280 രൂപ രണ്ടാമതും അഡ്വാൻസ് നൽകുകയും ചെയ്തു. ശ്മശാന നിർമ്മാണം ഡെപ്പോസിറ്റ് പ്രവൃത്തിയായിട്ടല്ല പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. രണ്ടുതവണ മുൻകൂറായി 2718980രൂപ അനുവദിച്ചത് ക്രമവിരുദ്ധമാണ്.

9.കരാർ അപൂർണ്ണം - സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ല

ഭരണാനുമതി ലഭിച്ച് ആറു മാസങ്ങൾക്കകം ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുമെന്നാണ് കരാറിൽ പറഞ്ഞിട്ടുള്ളത്. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ല. ഈ വിഷയം സെക്രട്ടറി 28.10.2021ൽ കത്തുമുഖേന ജില്ലാ നിർമ്മിതി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യമുണ്ടെങ്കിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് കരാറിൽ യാതൊരു വ്യവസ്ഥയുമുണ്ടായിരുന്നില്ല.

10.ലംപ്സമായി തുക വകയിരുത്തി - ചെലവിന് കൃത്യതയില്ല

ശ്മശാനം നിർമ്മാണത്തിലെ പ്രധന ഇനം ഫർണസ് ആണ്. ഇതിന് 2906253 രൂപ ലംപ്സമായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. Primary Combustian Chamber, Secondary Combustian Chamber, Body Loading Trolly, Hot Duct, Ventury Wet Scrubber, Mist Eliminator, Dilution System, Chimmney, Control Pannel, Ash Chamber എന്നിവ സ്ഥാപിച്ചിട്ടുള്ളതായി വർക്ക് ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള ചെലവ് കാണിച്ചിട്ടില്ല. ലംപ്സം

തുകയായതിനാൽ ചെലവിന് കൃത്യതയില്ല.

11.എസ്റ്റിമേറ്റിൽനിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തി - ഭരണാനുമതി വാങ്ങിയില്ല

എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യതിചലിച്ചാണ് പ്രവൃത്തിയിലെ പല ഇനങ്ങളും ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിലെ ഒൻപതാമത്തെ ഇനമായ ഫർണസ് സ്ഥാപിക്കൽ ഒഴികെയുള്ള എല്ലാ ഇനം പ്രവൃത്തികളിലും ഇപ്രകാരം വ്യതിയാനമുണ്ട്. ചില ഇനങ്ങൾ പൂർണ്ണമായി ഒഴിവാക്കുകയും ചില ഇനങ്ങൾ അധികമായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് സൈറ്റ് പരിശോധിക്കാതെയാണ് എന്ന് ഇതിൽനിന്ന് വ്യക്തമാണ്. എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യത്തിൽ വീണ്ടും ഭരണാനുമതിയും സാങ്കേതിക അനുമതിയും വാങ്ങേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

12.എഞ്ചിനീയറിംഗ് വിഭാഗ ം പരിശോധന നടത്ത ാതെ ബിൽ തുക നൽകി

അക്രഡിറ്റഡ് ഏജൻസി മുഖേന നോൺ പിഎംസിയായി പ്രവൃത്തി നടത്തുന്ന സംഗതിയിൽ പ്രവത്തിയുടെ മേൽനോട്ടം, ചെക്ക് മെഷർമെന്റ് എന്നിവ അതതു വകുപ്പ് / ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നടത്തണമെന്ന് ജി.ഒ.(പി) നം.77/2019/ഫിൻ തീയതി 04.07.2019ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ശ്മശാനം നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന ഉണ്ടായിട്ടില്ല.

ശ്മശാനത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച്, ഫൈനൽ ബിൽ, എം ബുക്ക്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ലാ നിർമ്മിതികേന്ദ്രം 05.03.2022ൽ പഞ്ചായത്തിനു നൽകി. നിയമാനുസൃത നികുതികളും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ്സും ഇനത്തിൽ 175205രൂപ കിഴിച്ച് 1100815രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിനു നൽകി (ആകെ ചെലവ് 3995000 രൂപ). ഫൈനൽ ബില്ലും എം ബുക്കും ലഭ്യമായ മുറയ്ക്ക് ഇതു സംബന്ധിച്ച വിശദമായ പരിശോധന നടത്തേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് കൂടാതെ ഫൈനൽബിൽ നൽകിയിട്ടുള്ളത് ക്രമപ്രകാരമല്ല.

13.ക്രിമറ്റോറിയം പ്രവർത്തന സജ്ജമായില്ല - വ്യാജമായ പൂർത്തീകരണ സാക്ഷ്യപത്രം നൽകി

ക്രിമറ്റോറിയത്തിൽ നേരിട്ട് പരിശോധന നടത്തിയതിൽ, നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യമാണെന്നും, വ്യാജമായ പൂർത്തീകരണ സാക്ഷ്യപത്രമാണ് നൽകിയിട്ടുള്ളതെന്നും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി 13.06.2022ൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അയച്ച കത്തിൽ പറയുന്നു. മതിയായ പരിശോധനയോ മേൽനോട്ടമോ കൂടാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതെന്നും ബിൽ തുകകൾ നൽകിയതെന്നും ഇതിൽനിന്ന് വ്യക്തമാണ്.

14.വിവിധ ഏജൻസികളുടെ അന്തിമ അനുമതി ലഭിച്ചിട്ടില്ല

ആധുനിക വാതക ശ്മശാനം സ്ഥാപിക്കുന്നതിന് 27.04.2021ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി (Consent To Operate) ലഭിച്ചിട്ടില്ല. വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. അഗ്നിരക്ഷാവകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടില്ല.

15.ബൈലോ തയ്യാറാക്കിയില്ല

ശ്മശാനത്തിന്റെ നിയന്ത്രണം, നടത്തിപ്പ്, ഫീസ് ഈടാക്കൽ, ശ്മശാനത്തിന്റെ പ്രവർത്തന സമയം മുതലായ വിഷയങ്ങൾ സംബന്ധിച്ച് ചട്ടം 12പ്രകാരം ബൈലോ തയ്യാറാക്കിയെങ്കിൽ മാത്രമേ ശ്മശാനം പ്രവർത്തനം നടത്താൻ സാധിക്കൂ. എന്നാൽ ഇപ്രകാരം ബൈലോ തയ്യാറാക്കിയിട്ടില്ല.

16.ക്രിമറ്റോറിയത്തിലേക്ക് മൃതദേഹം എത്തിക്കുന്നത് ദുഷ്കരം

പ്രധാന റോഡിൽനിന്നും ഉള്ളിലേക്ക് ഏകദേശം ഒന്നര കിലോമീറ്റർ മാറി ഒരു ഉയർന്ന പ്രദേശത്താണ് ക്രിമറ്റോറിയം നിർമ്മിച്ചിട്ടുള്ളത്. കുത്തനെയുള്ള കയറ്റവും വളവുകളുമുള്ളതിനാൽ ഫോർവീൽ ഡ്രൈവ് വാഹനം മാത്രമേ ഇവിടെ ഉപയോഗിക്കാനാകൂ. ഈ സാഹചര്യത്തിൽ സാധാരണ ആംബുലൻസിൽ മൃതദേഹം ശ്മശാനത്തിലേക്ക് എത്തിക്കുക എന്നത് ദുഷ്കരമായ കാര്യമണ്.

ക്രിമറ്റോറിയത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക |
|---|---|
| ക്രിമറ്റോറിയം നിർമ്മാണം - ജില്ലാ നിർമ്മിതികേന്ദ്രത്തിനു നൽകിയത് | 3995000 |
| മലിനീകരണ നിയന്ത്രണ ബോർഡിൽ ഫീസ് | 35524 |
| ത്രീ ഫേസ് കണക്ഷൻ - കെഎസ്ഇബി | 394169 |
| ആകെ | 4424693 |

44.24ലക്ഷം രൂപയാണ് ആധുനിക വാതക ശ്മശാനത്തിനായി നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാലും, സഞ്ചാരയോഗ്യമായ റോഡില്ലാത്തതിനാലും വിവിധ ഏജൻസികളുടെ നിരാക്ഷേപപത്രങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാലും ക്രിമറ്റോറിയം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല. ഈ വിഷയം ഓഡിറ്റ് എൻക്വയറി (13/08.03.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ശ്മശാനം നിർമ്മാണത്തിന്റെ എം ബുക്ക്, വർക്ക് ബിൽ എന്നിവ സംബന്ധിച്ച് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് വാങ്ങേണ്ടതാണ്. കൂടാതെ, ശ്മശാനം പ്രവർത്തനമാരംഭിക്കാൻ വേണ്ട അനുമതികളെല്ലാം വാങ്ങുകയും, ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ പരിഹരിക്കുകയും ചെയ്ത്, ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. 44.24ലക്ഷം രൂപ ചെലവഴിച്ച വാതക ശ്മശാനം നിലവിൽ ഫലപ്രാപ്തിയിലെത്താത്ത അവസ്ഥയിലാണ്.

## 1-17 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി

ഗ്രാമപ്പഞ്ചായത്ത് ഓഫീസിലേക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിച്ചില്ല. കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെ ഒഴിവാക്കി, ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങി. ഈയിനത്തിൽ ഗ്രാമപ്പഞ്ചായത്തിനു നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ഭാഗം III ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 മത്സ്യകൃഷി വികസനം - അധികം സബ്സിഡി നൽകി

മത്സ്യകൃഷിക്ക് അനുവദനീയമായതിലും അധിക നിരക്കിൽ സബ്സിഡി നൽകി. രണ്ട് സെന്റ് വിസ്തൃതിയുള്ള കുളത്തിൽ മത്സ്യകൃഷിക്ക് സബ്സിഡി നൽകുന്നതിനായി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ " മത്സ്യകൃഷി വികസനം" ( നം.46/2022) എന്ന പ്രോജക്ടിലാണ് 34715രൂപ അധികം ചെലവഴിച്ചത്. 444900 രൂപയാണ് പ്രോജക്ടിന്റെ ആകെ ചെലവ്.

പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 40ശതമാനം തുക സബ്സിഡിയായി നൽകാവുന്നതാണെന്നും, ഇതിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് (സാധാ.)നം.1009/2020തസ്വഭവ തീയതി 29.05.2020ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഹാജരാക്കിയ ചെലവ് രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇതു പ്രകാരം അനുവദനീയമായതിലും അധിക നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ ചെലവ് | പഞ്ചായത്തിന് അനുവദിക്കാവുന്ന സബ്സിഡി (ആകെ സബ്സിഡിയുടെ 2/3 ഭാഗം) | അനുവദിച്ച സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|---|
| 1. | ശ്രീ രാജൻ പി.ജി. | 195528 | 52140.8 | 59000 | 6859.2 |
| 2. | ശ്രീമതി അസൂറ ബീവി | 104124 | 27766.4 | 29500 | 1733.6 |
| 3. | ശ്രീമതി അക്ഷര സി പ്രകാശ് | 321931 | 85848.27 | 90220 | 4371.73 |
| 4. | ശ്രീ പി.ഐ.റഷീദ് | 51200 | 13653.33 | 14410 | 756.67 |
| 5. | ശ്രീ പി ആർ ധർമ്മദാസ് | 208398 | 55572.8 | 60820 | 5247.2 |
| 6. | ശ്രീ ജെസ്‌വിൻ തോമസ് എബ്രഹാം | 97238 | 25930.13 | 30700 | 4769.87 |
| 7. | ശ്രീ രാഹുൽ സിവി | 105520 | 28138.67 | 30410 | 2271.33 |
| 8. | ശ്രീ ജോൺ വർഗ്ഗീസ് | 104959 | 27989.07 | 30810 | 2820.93 |
| 9. | ശ്രീ അജി കൈപ്ലാവിൽ | 99430 | 26514.67 | 28810 | 2295.33 |
| 10. | ശ്രീ വർഗ്ഗീസ് പി.ജി. | 98142 | 26171.2 | 29760 | 3588.8 |
| | ആകെ | 1386470 | 369725.33 | 404440 | 34714.67 |

ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി (03/06.03.2023)നൽകി. മത്സ്യത്തീറ്റ ഇനത്തിൽ ഗുണഭോക്താക്കൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നുണ്ടെന്നും അതിനാലാണ് ഇപ്രകാരം അധികം സബ്സിഡി നൽകിയതെന്നും മറുപടി നൽകി. എന്നാൽ ഗുണഭോക്താക്കൾ ചെലവഴിച്ച തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ, അധികം നൽകിയ തുക 34715രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 അനുമതിയില്ലാത്ത സ്ഥാപനത്തിൽനിന്ന് ഉയർന്ന വിലയ്ക്ക് എൽഇഡി ലൈറ്റുകൾ വാങ്ങി

തെരുവുവിളക്ക് സ്ഥാപിക്കുന്ന ആവശ്യത്തിലേക്കായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സിഡ്കോയിൽനിന്ന് ചുവടെ പറയും പ്രകാരം 184 ഓട്ടോമാറ്റിക് എൽഇഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. 5680 രൂപയാണ് ഒരു ലൈറ്റിന്റെ വില.

| പ്രോജക്ട് നം/പ്രോജക്ടിന്റെ പേര് | വാങ്ങിയ ലൈറ്റുകളുടെ എണ്ണം | ചെലവഴിച്ച തുക @₹ 5680 | ബിൽ റഫറൻസ് നം / തീയതി |
|---|---|---|---|
| 291/2022- വിവിധ വാർഡുകളിൽ ഓട്ടോമാറ്റിക് എൽഇഡി ലൈറ്റ് വാങ്ങൽ | 132 | 749760 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | PFMS |
| 161/2022- ഓട്ടോമാറ്റിക് എൽഇഡി ലൈറ്റ് വാങ്ങൽ (വാർഡ് 2, 4 ,10) | 52 | 295360 (വികസനഫണ്ട്) | 21051152004101227102 /02.03.2022 |
| ആകെ | | 1045120 | |

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ചില ഉല്പന്നങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.23ൽ ഇളവ് വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നിലവിലുണ്ട്. സിഡ്കോയുടെ ഫാകടറികളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കും ഇപ്രകാരം ടെണ്ടർ വ്യവസ്ഥകളിൽ ഇളവു നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ രണ്ട് ഉത്തരവ് പ്രകാരവും വാങ്ങാൻ അനുമതിയില്ലാത്ത ഇനമാണ് എൽഇഡി ലൈറ്റ്.

നിലവിലുള്ള വിപണി വിലയേക്കാൾ ഉയർന്ന നിരക്കു നൽകിയാണ് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. 2500രൂപ മുതൽ 3000രൂപ വരെയാണ് വിപണിയിൽ ഇവയുടെ നിലവിലെ വില. വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്തേണ്ടത് പർച്ചേസിംഗ് ഓഫീസറുടെ ഉത്തരവാദിത്വമാണ്. എന്നാൽ ഈ ഉത്തരവാദിത്വം പുലർത്തിയിട്ടില്ല. ടെണ്ടർ ക്ഷണിക്കാതിരുന്നതിനാൽ വാങ്ങലിനു സുതാര്യതയില്ല. വാങ്ങിയ 184ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചതു സംബന്ധിച്ച വിശദാംശവും പഞ്ചായത്തിൽ ലഭ്യമല്ല.

ക്രമവിരുദ്ധമായ വാങ്ങൽ നടത്തിയതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (05/07.03.2023) നൽകി. ജി.ഒ(പി) നം.77/2019/ഫിൻ തീയതി 04.07.2019, ജി.ഒ.(ആർ.റ്റി.) നം.1696/2018/തസ്വഭവ തീയതി 22.06.2018 എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ലൈറ്റുകൾ വാങ്ങിയതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ എൽഇഡി ലൈറ്റുകൾ ടെണ്ടർ കൂടാതെ സിഡ്കോയിൽനിന്ന് വാങ്ങുന്നതിന് മേൽപ്പറഞ്ഞ ഉത്തരവുകളിൽ വ്യവസ്ഥയില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി, ടെണ്ടർ ഒഴിവാക്കി ഉയർന്ന നിരക്കിൽ ലൈറ്റുകൾ വാങ്ങിയതുവഴി പഞ്ചായത്തുഫണ്ടിനുണ്ടായ കൃത്യമായ നഷ്ടം കണ്ടെത്തുന്നതിനും, ഈ വിഷയം വകുപ്പുതലത്തിൽ അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു. സുതാര്യതയില്ലാതെ ചെലവഴിച്ച 1045120 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 എബിസി പ്രോഗ്രാം - തുടർ നിരീക്ഷണമില്ല

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ആവിഷ്കരിച്ച എബിസി പ്രോഗ്രാമിനുവേണ്ടി പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിംഗ് ഇല്ല. 2020-21ൽ രണ്ടു ലക്ഷം രൂപയും 2021-22ൽ 199500രൂപയുമാണ് ഇതിനായി ജില്ലാ കുടുംബശ്രീ മിഷനു നൽകിയിട്ടുള്ളത്. ഒരു നായയ്ക്ക് 2100രൂപ നിരക്കിൽ തുക അടച്ചിട്ടുണ്ട്. തെരുവു നായ്ക്കളെ പിടികൂടി ശസ്ത്രക്രിയ നടത്തി, വാക്സിനേഷൻ നൽകി സംരക്ഷിച്ച് തിരികെ വിടുന്നതിനാണ് കുടുംബശ്രീയ്ക്ക് ഈ നിരക്ക് നൽകുന്നത്. എന്നാൽ തുക നൽകുന്നതല്ലാതെ പദ്ധതി നടത്തിപ്പ്

സബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് യാതൊരു തുടർ നിരീക്ഷണവും ഇല്ല. എത്ര നായ്ക്കളെ പിടികൂടി ശസ്ത്രക്രിയ നടത്തിയെന്ന വിവരം ലഭ്യമല്ല. മുൻ വർഷം നൽകിയ തുക ഉൾപ്പെടെ 399500രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തെരുവു നായ്ക്കളുടെ കടിയേറ്റ് പേവിഷ ബാധയേൽക്കുന്ന വ്യക്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്ന് നഷ്ടപരിഹാരം തേടി കോടതിയെ സമീപിക്കുന്ന കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യമുള്ളതിനാൽ, തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുവേണ്ടി നൽകിയ തുക ഫലപ്രദമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 ആങ്ങമൂഴി കുട്ടവഞ്ചി ഇക്കോ ടൂറിസം പദ്ധതി - 7.5 ലക്ഷം രൂപ പാഴായി

പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പാക്കിയ ടൂറിസം പദ്ധതി നിലച്ചു. ഇതിനായി ചെലവഴിച്ച 7.5 ലക്ഷം രൂപ പാഴായി. ആങ്ങമൂഴി - കൊച്ചാണ്ടി ചെക്ക് ഡാം കുട്ടവഞ്ചി സവാരി, പെഡൽ ബോട്ടിംഗ്, ചങ്ങാടം സവാരി എന്നിവയ്ക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് പഞ്ചായത്തിന്റെ അനാസ്ഥമൂലം പരാജയമായത്.

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ടൂറിസം പദ്ധതി നടപ്പിലാക്കിയത് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, പഞ്ചായത്ത് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായുള്ള ഗവി ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (DMC)-യാണ്. ഇവരെ കൂടാതെ ജനപ്രതിനിധികളും, ടൂറിസം രംഗത്തെ വിദഗ്ദ്ധനും ഉൾപ്പടെ മറ്റ് 16 പേർ കൂടി കമ്മിറ്റിയിൽ അംഗങ്ങളാണ്. പ്രാദേശിക സമൂഹത്തിന്റെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം, സ്ത്രീശാക്തീകരണം മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തിയുമാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 256512 |
| 2017-18 | 405071 |
| 2020-21 | 89850 |
| ആകെ | 751433 |

പഞ്ചായത്ത് രാജ് നിയമപ്രകാരം ടൂറിസം പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെട്ടതല്ല എന്നിരിക്കെ, സർക്കാരിൽനിന്ന് മുൻകൂർ അനുമതി വാങ്ങാതെയും ഒരു അംഗീകൃത ബൈലോ ഇല്ലാതെയുമാണ് ഇപ്രകാരമൊരു പദ്ധതി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചത്. DMC-യുടെ നിയമാവലി പ്രകാരം എല്ലാ മാസവും മാസാന്ത്യ കണക്കുകൾ തയ്യാറാക്കി DMC-യുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും സാമ്പത്തിക വർഷാവസാനം കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതും വാർഷിക റിപ്പോർട്ടും കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും DMC യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ചെലവ് പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ, പദ്ധതി നടത്തിപ്പിലൂടെ ലഭിച്ച വരുമാനം പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർത്തിട്ടില്ല.

പഞ്ചായത്തിന്റെ ചെലവിൽ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, സർക്കാർ അനുമതി വാങ്ങി, ബൈലോ തയ്യാറാക്കി, ടൂറിസം പദ്ധതി പുനരാരംഭിക്കുന്നതിനുള്ള സാദ്ധ്യത ആരായാവുന്നതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്താത്ത സാഹചര്യത്തിൽ, ഇതിനായി ചെലവഴിച്ച 751433 രൂപ പാഴായിപ്പോയതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-22 മൈക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിൽ അപാകതകൾ - അധികച്ചെലവ്

പ്രോജക്ടിന്റെ പേര് - ഗ്രാമപ്പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മൈക്ക് സ്ഥാപിക്കൽ (നം. 164/22)

ചെലവ് 297900

ഗ്രാമപ്പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്കാവശ്യമായ മൈക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിനു നഷ്ടമുണ്ടായി. 2.98ലക്ഷം രൂപ ചെലവഴിച്ചു വാങ്ങിയ മൈക്ക് സെറ്റ് നിലവിൽ പ്രവർത്തന രഹിതമാണ്. വിശദാംശം 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു

ശേഷവും പെൻഷൻ വിതരണം നടത്തിയായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ ഐഡി., പെൻഷൻ തരം | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം./തീയതി | മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്ത കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | പി.എൻ.ഇസ്മയിൽ, നെടിയകാലായിൽ, സീതത്തോട് | XXXXXXXX0185, വാർദ്ധക്യകാല പെൻഷൻ | 28.10.2021 | 107/2021/ 16.12.2021 | 11/21 - 12/22 | 22400 |
| 2 | അന്നമ്മ ചാക്കോ, മാളിയേക്കമണ്ണിൽ, ആങ്ങമൂഴി | XXXXXXXX0104, വാർദ്ധക്യകാല പെൻഷൻ | 02.10.2021 | 85/2021/ 21.10.2021 | 11/21 - 04/22 | 9600 |
| 3 | കമലാസനൻ, കൈതാരത്ത് വീട്, ആങ്ങമൂഴി | XXXXXXXX1600, വാർദ്ധക്യകാല പെൻഷൻ | 11.08.2021 | 77/21/ 16.09.2021 | 09/21 - 01/22 | 8000 |
| 4 | മറിയാമ്മ വർഗ്ഗീസ്, മേലേടത്ത്, സീതത്തോട് | XXXXXXXX0331, വാർദ്ധക്യകാല പെൻഷൻ | 09.06.2022 | 50/2022/ 21.06.2022 | 07/22 – 12/22 | 9600 |
| | ആകെ | | | | | 49600 |

ക്രമ നമ്പർ 2, 3 ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ ക്രമ നം. 1, 4 ഗുണഭോക്താക്കളുടെ പെൻഷൻ നിലവിലും ആക്ടീവായി തുടരുകയാണ്.

മരണപ്പെട്ടതായി ബാങ്കുകൾ റിപ്പോർട്ട് ചെയ്ത ഡയറക്റ്റ് റ്റു ഹോം ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല.

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടുപോയതിനാൽ തുക വിതരണം ചെയ്യാൻ സാധിച്ചില്ലായെന്ന് സഹകരണ ബാങ്കുകൾ റിപ്പോർട്ട് ചെയ്തിട്ടും യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. തൻമൂലം പ്രസ്തുത ഗുണഭോക്താക്കൾക്കുള്ള പെൻഷൻ എല്ലാ മാസവും ബാങ്കുകൾക്ക് അനുവദിക്കുകയും തുക വിതരണം ചെയ്യാൻ സാധിക്കാതെ ബാങ്കുകൾ തിരികെ ഒടുക്കുകയും ചെയ്തു വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ ഐഡി., പെൻഷൻ തരം | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം./തീയതി | മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|---|
| 1 | തോമസ് മാത്യു, പറങ്കാംമൂട്ടിൽ ഹൗസ്, കൊച്ചുകോയിക്കൽ | XXXXXXXX0498, വാർദ്ധക്യകാല പെൻഷൻ | 09.06.2022 | 54/2022/ 04.07.22 | 07/22 - 12/22 |
| 2 | രാമകൃഷ്ണക്കുറുപ്പ്, പുഷ്പമംഗലത്ത്, സീതക്കുഴി | XXXXXXXX0580, വാർദ്ധക്യകാല പെൻഷൻ | 22.07.2022 | 66/2022/ 03.08.2022 | 08/22 - 12/22 |
| 3 | ഏലിയാമ്മ(മറിയാമ്മ), തുമ്പാറയിൽ വീട്, സീതക്കുഴി | XXXXXXXX0252, വാർദ്ധക്യകാല പെൻഷൻ | 24.07.2022 | 67/2022/ 03.08.2022 | 08/22 - 12/22 |
| 4 | അന്നമ്മ, ചിറയ്ക്കൽ ഹൗസ്, സീതത്തോട് | XXXXXXXX1432, വാർദ്ധക്യകാല പെൻഷൻ | 09.08.2022 | 71/2022/ 22.08.2022 | 09/22 – 12/22 |
| 5 | ലക്ഷ്മിക്കുട്ടി, ചാങ്ങേത്ത്, | XXXXXXXX1668, വാർദ്ധക്യകാല പെൻഷൻ | 10.08.2022 | 73/2022/ 22.08.2022 | 09/22 - 12/22 |

| | | | | | |
|---|---|---|---|---|---|
| | മൂന്നുകല്ല് | | | | |
| 6 | സുകുമാരൻ സി. കെ. മുരുപ്പേൽ വീട്, ആങ്ങമൂഴി | XXXXXXXX0056, ഡിസേബിലിറ്റി പെൻഷൻ | 14.08.2022 | 75/22/ 26.08.2022 | 09/22 – 12/22 |
| 7 | റ്റി.കെ.കമലമ്മ, പുന്നനിൽക്കുന്നതിൽ, മുണ്ടൻപാറ, ഗുരുനാഥൻമണ്ണ് | XXXXXXXX0439, വാർദ്ധക്യകാല പെൻഷൻ | 02.11.2022 | 96/22/ 02.12.2022 | 12/22 |

മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മരണ ശേഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതും അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റിയതുമായ തുകകൾ തിരികെ പിടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (22/13.03.2023). അനർഹമായി പെർഷൻ തുക കൈപ്പറ്റിയവരിൽ നിന്നും ടി. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതാണെന്നും പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഓഡിറ്റിനു ലഭ്യമായ റിപ്പോർട്ടുകളുടെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി. ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പഞ്ചായത്ത് അഭിമുഖീകരിക്കുന്നത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില വളരെ പരിതാപകരമായ അവസ്ഥയിലാണ്. തനത് വരവുകളും പൊതു ആവശ്യ ഫണ്ടും ചേരുന്ന തുക പോലും സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്, ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല. 2021-22 സാമ്പത്തിക വർഷം വരവിൽ അധികരിച്ച് 24.05ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Income | Amount | Expenditure | Amount |
|---|---|---|---|
| Tax Revenue(I-1) | 3843825 | Establishment Expenses (1-10b) | 12947194 |
| Rental Income (I-3) | 259730 | Administrative Expenses (I-11b) | 259730 |
| Fees & User Charges (I-4(b)) | 499078 | Operations & Maintenance (I-12b) | 2513022 |
| Sale & Hire Charges (I-5(b)) | 96232 | Interest & Finance Charges (I-13) | 44487 |
| Interest (I-8) | 193570 | | |
| General Purpose Fund | 8466391 | | |
| Total | 13358826 | Total | 15764433 |

Deficit Of Income Over Expenditure- 2405607

തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകളും, ഋണശീർഷ വരവുകളും വകമാറ്റി ചെലവഴിച്ച് വരികയാണ്. തനത് ഫണ്ടിന്റെ 31.02.2022-ലെ നീക്കിയിരുപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സീതത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 552868 |
| ട്രഷറി റ്റി.എസ്.ബി. | 821758 |
| ഓൺലൈൻ പേയ്മെന്റ് അക്കൗണ്ട് | 98863 |
| ആകെ | 1473489 |

ഐ.സി.ഡി.എസ്., ശബരിമല ഗ്രാന്റ്, ശുചിത്വമിഷൻ ഗ്രാന്റ് എന്നിവയുൾപ്പെടെയുള്ള വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾക്കായി ലഭിച്ച പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഈയിനത്തിൽ ആകെ 8512836രൂപ നീക്കിയിരുപ്പുണ്ട്.

| ഫണ്ട് | തുക |
|---|---|
| ഐ.സി.ഡി.എസ്. | 1159629 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2265429 |
| സമ്പൂർണ്ണ ശുചിത്വം | 130000 |
| ശബരിമല ഗ്രാന്റ് | 3992947 |
| ഗുണഭോക്തൃ വിഹിതം | 26255 |
| മറ്റുള്ളവ | 938576 |
| ആകെ | 8512836 |

കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച 1528542രൂപയുടെയും ശമ്പള റിക്കവറികൾ, നികുതികൾ, മുൻകൂറുകൾ എന്നിവയിനത്തിൽ 979174 രൂപയുടെയും ബാധ്യതയുമുണ്ട്. ആകെ 11020552രൂപ ബാധ്യതയുള്ളപ്പോൾ എല്ലാ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിലും കൂടി ആകെ 1473489രൂപ മാത്രമേ നീക്കിയിരുപ്പുള്ളു. ബാക്കി തുക വകമാറ്റി ചെലവഴിച്ചിട്ടുള്ളതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി വിവിധ ഏജൻസികൾ അനുവദിച്ചിട്ടുള്ള തുക വകമാറ്റി തനത് ചെലവുകൾക്കായി ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നതുമാണ്. പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളും, ഋണശീർഷ വരവുകളും വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കാൻ അവ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിന്റെ സാമ്പത്തിക നില അതീവഗുരുതരമായി തുടരുന്ന സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മുൻകൂർ പണമടച്ചു - മരുന്നുകൾ ലഭിച്ചില്ല

ഗ്രാമപ്പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം വിവിധ സർക്കാർ ഏജൻസികൾക്ക് മുൻകൂർ പണം നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | കൈമാറിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 30/2022 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഹോംകോ | 700000 | 531526 | 168474 |
| 27/2022 പി.എച്ച്സി.ക്ക് മരുന്നുവാങ്ങൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | KMSCL | 582585 | 493336 | 89249 |
| 28/2022 | മെഡിക്കൽ ഓഫീസർ | KMSCL | 238364 | 199121 | 39243 |

| | | | | |
|---|---|---|---|---|
| പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റ് | (പി എച്ച് സി) | | | |
| ആകെ | | 1520949 | 1223983 | 296966 |

ആകെ 1520949 രൂപ അടച്ചതിൽ 1223983രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. ഇനിയും ലഭിക്കാനുള്ള 296966രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 മുൻകൂർ ക്രമീകരിച്ചില്ല

പതിനൊന്നാം വാർഡിലെ വാർഡുതല സാനിറ്റേഷൻ സമിതിയുടെ പ്രവർത്തനത്തിനായി ശുചിത്വ മിഷനിൽനിന്നും ലഭിച്ച 10000രൂപ, സീതത്തോട് പിഎച്ച്സിയിലെ ശ്രീ സുധീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ശുചീകരണ പ്രവർത്തനത്തിന് തുക വിനിയോഗിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ, മുൻകൂർ കൈപ്പറ്റിയ 10000രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ഭവന പുനരുദ്ധാരണം - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

ഭവന പുനരുദ്ധാരണത്തിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ വ്യക്തികൾ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.ഭവന പുനരുദ്ധാരണം (എസ്.സി.പി)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ആനന്ദൻ സി കെ | 35000 |
| ശ്യാമള | 35000 |
| സുമതി | 35000 |

2.ഭവന പുനരുദ്ധാരണം (ജനറൽ)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ലാസർ പി പി | 25000 |
| മത്തായി | 25000 |
| മോളി | 25000 |

ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും, അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാത്തവരിൽനിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-28 കേടായ തെങ്ങ് മുറിച്ചുമാറ്റൽ - പുതിയ തെങ്ങ് വെച്ചു പിടിപ്പിച്ചതായി ഉറപ്പുവരുത്താതെ സബ്സിഡി നൽകി

കേടായ തെങ്ങ് മുറിച്ചുമാറ്റൽ എന്ന പദ്ധതിയുടെ ഭാഗമായി (പ്രോ.നം. 270/22) പൊതുവിഭാഗം വികസന ഫണ്ട് ഇനത്തിൽ 2,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യമുള്ള തെങ്ങുകൾക്ക് അസുഖം ബാധിക്കുന്നത് തടയുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അസുഖം മൂലമോ കീടങ്ങളുടെ ആക്രമണം മൂലമോ പ്രായമായതിനാലോ ഉൽപ്പാദനം കുറഞ്ഞ തെങ്ങ് വെട്ടി മാറ്റുന്നതിന് ഒരു തെങ്ങിന് 1000 രൂപ സബ്സിഡി നൽകുന്നതാണ് പദ്ധതി. ആകെ 250 തെങ്ങുകൾ വെട്ടിമാറ്റുന്നതിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. അസുഖം ബാധിച്ച തെങ്ങ് വെട്ടിമാറ്റിയ സ്ഥലത്ത് കർഷകൻ സ്വന്തം ചെലവിൽ പുതിയ തെങ്ങിൻ തൈ വാങ്ങി വയ്ക്കേണ്ടത് നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. എന്നാൽ വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരം കർഷകർ പുതിയ തെങ്ങിൻ തൈകൾ വാങ്ങി വെച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സഹായിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/07.03.22) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരമായി കർഷകർ തെങ്ങിൻ തൈകൾ വാങ്ങി വെച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയാണ് ആനുകൂല്യം വിതരണം ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ആയതിന് രേഖകളില്ല. വെട്ടിമാറ്റിയ

തെങ്ങുകളുടെ സ്ഥാനത്ത് തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ ആനുകൂല്യം നൽകിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 സംസ്ഥാന സർക്കാർ സ്കീമിലെ സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

കോലിഞ്ചി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും (പ്രോ.നം. 65/22) ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും (പ്രോ.നം. 303/22) ധനസഹായം നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി സംസ്ഥാന സർക്കാർ സ്കീമിൽ പ്രാബല്യത്തിലുള്ള സബ്സിഡി നിരക്കിലാണ് ധനസഹായം നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ടി സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സംസ്ഥാന സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പദ്ധതിയ്ക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ തൊട്ടുമുൻവർഷത്തെ സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വകുപ്പുതല ഉത്തരവ് നമ്പർ പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ ചേർക്കേണ്ടതും ഇതേ ഇനത്തിന് ബാധകമായ സബ്സിഡി മാനദണ്ഡം എൽ.എസ്.ജി.ഡി. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലായെന്നും ആയതിനാലാണ് സംസ്ഥാന സബ്സിഡി ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും വെറ്റിംഗ് ഓഫീസർ ഈ വിവരം പ്രത്യേകമായി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് മേൽ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/07.03.22) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 നിർമ്മാണ പ്രവൃത്തികൾ - ഇ ടെണ്ടർ നടപടികൾ ഒഴിവാക്കിയും ചട്ടങ്ങൾ ലംഘിച്ചും കരാറുകാരെ നിശ്ചയിച്ചു

- മരാമത്ത് ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാന തത്വങ്ങൾ ലംഘിച്ച് ഏകപക്ഷീയമായി കരാറുകാരെ തെരഞ്ഞെടുത്തു
- ഓപ്പൺ ടെണ്ടർ വഴി ഉറപ്പുവരുത്തേണ്ടതായ മത്സരക്ഷമതയും സുതാര്യതയും ബോധപൂർവ്വം ഒഴിവാക്കി .
- ചട്ടലംഘനത്തിന് പ്രേരകമായ വിധത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഇടപെടൽ ദുരൂഹം
- ഭരണസമിതിയും ആവശ്യമായ ജാഗ്രത പുലർത്തിയില്ല
- സ്വേച്ഛാപരമായ തീരുമാനങ്ങൾ ചില കരാറുകാർക്ക് അവിഹിതമായ നേട്ടത്തിനിടയാക്കി .
- ഉയർന്ന അടങ്കൽത്തുക നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾക്ക് ടെണ്ടർ ഒഴിവാക്കി, സ്ഥിരം കരാറുകാർക്ക് നിർവ്വഹണച്ചുമതല നൽകിയതിന്മേൽ സമഗ്രമായ അന്വേഷണം അനിവാര്യം .

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ അഞ്ച് ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ ഉള്ള മരാമത്ത് പ്രവൃത്തികൾ ഇ- ടെണ്ടർ ചെയ്യാതെ ക്വട്ടേഷൻ മുഖേന കരാറുകാർക്ക് നിർമ്മാണച്ചുമതല നൽകി. എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷമോ അതിന് മുകളിലുള്ളതോ ആയ എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കണമെന്ന സർക്കാർ ഉത്തരവിനു [ജി.ഒ.(പി)നം.524/2015/ധനം, തിയതി 17.11.2015] വിരുദ്ധമാണിത്.

ഇ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം പദ്ധതിയുടെ പേര് | അടങ്കൽ തുക | കരാറുകാരൻ | റിമാർക്സ് ബിൽ വിവരങ്ങൾ |
|---|---|---|---|
| 282/21-22 | 835000 | കെ.സജയകുമാർ | പ്രവൃത്തി പൂർത്തിയായി 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 179/21-22 | 2000000 | കെ.സജയകുമാർ | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 245/21-22 | 800000 | രാഹുൽ സി വി | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 178/21-22 | 1500000 | ലെഞ്ജു മോൺസി | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 283/21-22 | 550000 | ലെഞ്ജു മോൺസി | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 181/21-22 | 1000000 | കെ.സജയകുമാർ | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 105/21-22 | 686000 | ലെഞ്ജു മോൺസി | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 90/21-22 | 650000 | കെ.സജയകുമാർ | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 274-21-22 | 750000 | കെ.സജയകുമാർ | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 153/21-22 | 719000 | കെ.സജയകുമാർ | 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല. |
| 301/21-22 | 562260 | കെ.സജയകുമാർ | പ്രവൃത്തി പൂർത്തിയായി 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല.ഫൈനൽ ബിൽ തുക 515430/- |
| 314/21-22 | 2433000 | കെ.സജയകുമാർ | പ്രവൃത്തി പൂർത്തിയായി 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല.ഫൈനൽ ബിൽ തുക 1926506 |
| 299/21-22 | 1000000 | കെ.സജയകുമാർ | പ്രവൃത്തി പൂർത്തിയായി 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല.ഫൈനൽ ബിൽ തുക 988473 |
| 183/21-22 | 1500000 | കെ.സജയകുമാർ | പ്രവൃത്തി പൂർത്തിയായി 21-22 വർഷം ബിൽ ഹാജരാക്കിയിട്ടില്ല.ഫൈനൽ ബിൽ തുക 1486147 |

20-12-2021 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരമാണ് പ്രോജക്ട് നം. 282/22, 182/22, 179/22, 245/22,178/22, 283/22, 181/22, 105/22, 90/22, 274/22, 153/22 എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസ് സംബന്ധിച്ച് പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 30-12-2021 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി, ടി പ്രോജക്ടുകൾ സംബന്ധിച്ച ക്വട്ടേഷനുകളിൽ കുറവ് റേറ്റ് ക്വോട്ട് ചെയ്ത കരാറുകാരെ അംഗീകരിച്ചിട്ടുണ്ട്. ഇ ടെണ്ടർ ഒഴിവാക്കിയതും ക്വട്ടേഷൻ മുഖേന കരാർ നൽകിയതും ഭരണസമിതിയുടെ അറിവോടെയാണ്.

പ്രോജക്ട് നം 314/21-22 , 299/21-22 , 301/21 - 22 , 183/21 - 22 എന്നിവ 2022 മാർച്ച് മാസം ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കി ക്വട്ടേഷൻ മുഖേനയാണ് കരാറുകാരൻ കെ.സജയകുമാറിനെ തിരഞ്ഞെടുത്ത് കരാർ നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ അന്തിമ ബിൽ തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രോജക്ട് നം 299/21-22 , 301/21-22 എന്നിവ 05/ MT/AE/LSGD/SGP/21-22 എന്ന ഇ-ടെണ്ടർ ദർഘാസ് പരസ്യത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും പിന്നീട് ടെണ്ടർ നടപടികളിൽനിന്ന് ഒഴിവാക്കി. ഇതിന്റെ കാരണം വ്യക്തമല്ല. അടങ്കൽ തുക 2433000/- ഉള്ള പ്രോജക്ട് നം.314/21-22 ക്വട്ടേഷൻ നടപടി സ്വീകരിച്ച് നടപ്പിലാക്കുവാൻ 16.2.22 ലെ പഞ്ചായത്ത് കമ്മറ്റി 19(7)-ാം നമ്പരായി തീരുമാനം കൈക്കൊണ്ടത് ദുരൂഹമാണ്. ഇപ്രകാരം ഇ-ടെണ്ടറിൽനിന്ന് ഒഴിവാക്കപ്പെട്ട 314/21-22-ാം നമ്പർ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ കരാർ, സജയകുമാർ എന്ന വ്യക്തിക്ക് നൽകുവാനാണ് 07.03.2022 ലെ 3(3)തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. പ്രോജക്ട് നം. 299/21-22, 301/21-22, 183/21-22 എന്നിവ ഭരണാനുമതിയും ടെണ്ടർ നടപടികളും

ഇല്ലാതെയാണ് കെ.സജയകുമാറിന് പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളത്. ടി വിവരങ്ങൾ അന്വേഷണ വിധേയമാക്കേണ്ടതാണ്.

ടെണ്ടർ നടപടികൾ അഴിമതി രഹിതവും സുതാര്യവുമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഇ-ടെണ്ടർ നടപ്പിലാക്കിയത്. എന്നാൽ ഇ-ടെണ്ടർസംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശം ലംഘിക്കുന്ന നടപടികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ളത്. അപാകതകൾ വകുപ്പ് തല നടപടികൾക്കും ഉന്നത തല അന്വേഷണങ്ങൾക്കും ശുപാർശ ചെയ്യുന്നു.

## 1-31 അങ്കണവാടി പോഷകാഹാര വിതരണം - വിതരണ രജിസ്റ്റർ പൂർണ്ണമല്ല

അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി (പ്രോ.നം. 49/22) പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 24,99,452 രൂപയും കേന്ദ്രവിഹിതം ഇനത്തിൽ 76,292 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പോഷകാഹാര വിതരണത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെച്ചേർക്കുന്ന ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുള്ള ഇനങ്ങളുടെ വിതരണ വിവരം ചേർത്തിട്ടില്ലാത്തതായി കാണുന്നു.

| ഇനം | തുക | അപാകത |
|---|---|---|
| അങ്കണവാടികളിലേക്ക് പലവ്യഞ്ജന സാധനങ്ങൾ വാങ്ങിയത് | 1,39,663<br>07/16.10.22 | സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം ചേർത്തിട്ടില്ല. |
| അങ്കണവാടികളിലേക്ക് പലവ്യഞ്ജന സാധനങ്ങൾ വാങ്ങിയത് | 1,99,251<br>11/23.12.21 | സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം ചേർത്തിട്ടില്ല. |
| അങ്കണവാടികളിലേക്ക് അമൃതം പൊടി വാങ്ങിയത് | 1,88,633<br>18/23.03.22 | സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം ചേർത്തിട്ടില്ല. |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/08.03.23) മറുപടി ലഭ്യമാക്കിയില്ല. 5,27,547 രൂപ ചെലവഴിച്ച് വാങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിതരണ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനനുസരിച്ച് ഓഡിറ്റ് തടസ്സത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-32 പെർഫോമൻസ് സെക്യൂരിറ്റി തുക ഈടാക്കിയതിന്റെയും തിരികെ നൽകിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ പി.എ.സി യുടെ 5% തുക പെർഫോമൺസ് ഗ്യാരന്റിയായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന തുകകൾ വൈകല്യ ബാധ്യതാ കാലയളവ് വരെ സൂക്ഷിക്കേണ്ടതുമാണ്. സീതത്തോട് പഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ കരാർ ചമച്ചിട്ടുള്ള കരാറുകാർ പെർഫോമൺസ് സെക്യൂരിറ്റി തുകകൾ ഒടുക്കു വരുത്തിയതിന്റെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സെക്യൂരിറ്റി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഏതെല്ലാം പ്രവൃത്തികളുടെ ഗ്യാരന്റി തുകകൾ തിരികെ നൽകിയിട്ടുണ്ടെന്നും, തിരികെ നൽകിയിട്ടുള്ളവ വൈകല്യ ബാധ്യതാ കാലയളവ് പൂർത്തിയായതിന് ശേഷമാണോ എന്നതും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. 2021 - 22 വർഷം പെർഫോമൻസ് സെക്യൂരിറ്റിയായി ലഭിച്ച മുഴവൻ തുകകളുടേയും , 2021-22 വർഷം തിരികെ നൽകിയിട്ടുള്ള തുകകളുടേയും പ്രവൃത്തി ഫയലുകളുടേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അപാകതകൾ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ

## ഉപകരണങ്ങളും വാങ്ങി

ഗ്രാമപഞ്ചായത്തിലേക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിച്ചില്ല. കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെ ഒഴിവാക്കി, ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങി. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടമുണ്ടായിട്ടുണ്ട്.

| പ്രോജക്ട് നം/പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ റഫറൻസ് നം / തീയതി |
|---|---|---|
| പ്രോജക്ട് നം 13/2022- പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എഎംസി | 182279 | 2105115200410141 0179 /22.03.2022 |
| പ്രോജക്ട് നം 87/2022- എഇ ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 184500 | 21051152004101410172/ 22.03.2022 |

ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചതിൽ, ആറ് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. അവർ ലഭ്യമാക്കിയ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | സ്ഥാപനം / നിരക്ക് | | | | | |
|---|---|---|---|---|---|---|
| | ഐസോൺ സിസ്റ്റംസ്, സീതത്തോട് | ആൻടിക്കോം സിസ്റ്റംസ്, റാന്നി | ആഡ്കോം സിസ്റ്റംസ്, പട്ടം | കെ.എം. ടെകനോളജീസ്, വടവാളൂർ | ഐ.റ്റി.കെയർ, കോന്നി | ലോഗിൻ കമ്പ്യൂട്ടേഴ്സ്, വെച്ചൂച്ചിറ |
| ഡെസ്ക്ടോപ്പ് (ഇന്റൽ I3) | 35500 | 52500 | 45000 | ഇല്ല | 45400 | 43000 |
| ലാപ്ടോപ്പ് (ഇന്റൽ I3) | 45000 | 52500 | 74500 | ഇല്ല | 35600 | 57300 |
| പ്രിന്റർ A4 | 11500 | 12390 | 20000 | 18000 | 11800 | 13600 |
| സ്കാനർ A3 | 60000 | A) 64310 B)79500 | 182000 | 165000 | 61600 | 136150 |

### വിശദമായ സാങ്കേതിക പരിശോധന കൂടാതെയുള്ള വാങ്ങൽ

ലഭ്യമായ ടെണ്ടറുകൾ, ടെക്നിക്കൽ അസിസ്റ്റന്റിന്റെയോ സാങ്കേതിക പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥന്റെയോ സഹായത്തോടെ പരിശോധിച്ച്, ഓരോ ഇനങ്ങളുടെയും സ്പെസിഫിക്കേഷൻ സംബന്ധിച്ച് റിപ്പോർട്ട് വാങ്ങിയതിനുശേഷം വാങ്ങൽ സംബന്ധിച്ച തീരുമാനം എടുക്കേണ്ടതിനു പകരം, 25.02.2022 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മറ്റി, ആൻടിക്കോം സിസ്റ്റംസ് ലഭ്യമാക്കിയ ഉയർന്ന നിരക്കുകൾ അംഗീകരിക്കുകയും അവരിൽനിന്ന് വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. "ലഭ്യമായ ടെണ്ടറുകൾ പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള ആരെയെങ്കിലുംകൊണ്ട് വിലയിരുത്തുകയും ബന്ധപ്പെട്ട കക്ഷിയുടെ കമ്പാരിസൺ സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്യുന്നതായിരിക്കും അഭികാമ്യ"മെന്നു, സെക്രട്ടറിയുടെ അഭിപ്രായം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തീരുമാനം നടപ്പിലാക്കിയില്ല.

### കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെ ഒഴിവാക്കി

ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, സ്കാൻ എന്നീ ഇനങ്ങളിൽ കുറഞ്ഞ നിരക്ക് സമർപ്പിച്ച ഐസോൺ സിസ്റ്റംസ്, സീതത്തോട് എന്ന സ്ഥാപനത്തിൽനിന്ന് കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങുന്നത് ഒഴിവാക്കി പകരം ഏറ്റവും ഉയർന്ന നിരക്ക് ക്വോട്ടു ചെയ്ത ആൻടിക്കോം സിസ്റ്റംസിനെ തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല. കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെ ഒഴിവാക്കുന്നതിനുള്ള കാരണം പറഞ്ഞിട്ടില്ല. 26.02.2022ലെ ജനറൽ കമ്മറ്റിയുടെ 1(2)-ാം തീരുമാനപ്രകാരം 13/2023-ാം നമ്പർ പ്രോജക്ടിലെയും 1(4)-ാം തീരുമാനപ്രകാരം 87/2023-ാം നമ്പർ പ്രോജക്ടിലെയും വാങ്ങലുകൾ അംഗീകരിച്ചിട്ടുണ്ട്. ക്രമവിരുദ്ധമായ വാങ്ങൽ മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ഇപ്രകാരമാണ്.

| ഇനം | വാങ്ങിയ എണ്ണം | കുറഞ്ഞ നിരക്ക് | വാങ്ങിയ വില | നഷ്ടം |
|---|---|---|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 2 | 35500 | 52500 | 34000 |

| | | | | |
|---|---|---|---|---|
| ലാപ്ടോപ്പുകൾ | 3 | 35600 | 52500 | 50700 |
| പ്രിന്റർ | 2 | 11500 | 12390 | 1780 |
| ഹൈ സ്പീഡ് സ്കാനർ | 1 | 60000 | 64310 | 4310 |
| സ്കാനർ | 1 | 60000 | 79500 | 19500 |
| ആകെ | | | | 110290 |

ഗ്രാമപ്പഞ്ചായത്ത് ഫണ്ടിന് 110290രൂപ നഷ്ടമായിട്ടുണ്ട്.

കമ്മറ്റിത്തീരുമാനത്തിനു വിരുദ്ധമായി പർച്ചേസ് ഓർഡർ നൽകി

ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിന് മേൽപ്പറഞ്ഞ പ്രൊക്യൂർമെന്റ് കമ്മറ്റിയും ജനറൽ കമ്മറ്റിയും തീരുമാനമെടുത്തെങ്കിലും അതിനു വിരുദ്ധമായിട്ടാണ് സെക്രട്ടറി പർച്ചേസ് ഓർഡർ നൽകിയത്. ഡെസ്ക്ടോപ്പിനു പകരം ലാപ്ടോപ്പും, പ്രിന്ററിനു പകരം സ്കാനറും വാങ്ങുന്നതിന് 08.03.2022ൽ എസ്.6/684-ാം നമ്പർ കത്തു മുഖേന ആൻടിക്കോം സിസ്റ്റംസിനു പർച്ചേസ് ഓർഡർ നൽകി.

| പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനിച്ചത് | | | | പർച്ചേസ് ഓർഡർ നൽകിയത് | | | വ്യത്യാസം |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | നിരക്ക് | ഇനം | എണ്ണം | നിരക്ക് | |
| പ്രോജക്ട് നം 13/2023 | ഡെസ്ക്ടോപ്പ് (ഇന്റൽ I3) | 2 | 52500 | ലാപ്ടോപ്പ് (Acer) | 3 | 52500 | 52500 |
| | പ്രിന്റർ എപ്സൺ 100 | 2 | 12390 | പ്രിന്റർ എപ്സൺ 100 | 2 | 12390 | ഇല്ല |
| | തീരുമാനം ഇല്ല | | | ഹൈ സ്പീഡ് സ്കാനർ A3 | 1 | 64310 | 64310 |
| പ്രോജക്ട് നം 87/2023 | ഡെസ്ക്ടോപ്പ് (ഇന്റൽ I3) | 2 | 52500 | ഡെസ്ക്ടോപ്പ് (ഇന്റൽ I3) | 2 | 52500 | ഇല്ല |
| | പ്രിന്റർ എപ്സൺ 100 | 2 | 12390 | സ്കാനർ | 1 | 79500 | 67110 |

സിപിആർസിഎസ് മുഖേന വാങ്ങണമെന്ന ഉത്തരവ് പാലിച്ചില്ല

സിപിആർസിഎസ് മുഖേനയാണ് കമ്പ്യൂട്ടറുകൾ വാങ്ങേണ്ടിയിരുന്നത്. സിപിആർസിഎസ് ൽ നിന്നും കമ്പ്യൂട്ടർ ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടാകുന്നപക്ഷം, മുൻകൂർ അടച്ച തുക തിരികെ വാങ്ങി ജെം വഴി വാങ്ങൽ നടത്താവുന്നതാണെന്ന് 23.10.2021ലെ ജി.ഒ.(ആർ.റ്റി.) 2076/2021/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി, പൊതു വിപണിയിൽനിന്ന് വാങ്ങാൻ തീരുമാനിച്ചു.

ജനറൽ കമ്മറ്റിയെ തെറ്റിദ്ധരിപ്പിച്ചു

ആൻടിക്കോം സമർപ്പിച്ച രേഖകൾ പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 52500രൂപ വിലയുണ്ട്. എന്നാൽ ജനറൽ കമ്മറ്റിക്ക് വച്ച താരതമ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ഇതിന് 45500രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ. ലാപ്ടോപ്പിന് ഒരു വർഷ വാറന്റിയാണ് പ്രസ്തുത സ്ഥാപനം നൽകാമെന്ന് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇത് മൂന്നു വർഷം എന്നാണ് കമ്മറ്റിയെ അറിയിച്ചിരിക്കുന്നത്. ഇപ്രകാരം ആൻടിക്കോം സിസ്റ്റംസിന് അനുകൂലമായ തീരുമാനം എടുക്കുന്നതിനായി കമ്മറ്റിയുടെ മുമ്പിൽ തെറ്റായ വിവരങ്ങളാണ് സെക്രട്ടറി നൽകിയത്.

മേൽപ്പറഞ്ഞ രണ്ടു പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങൽ ഇനത്തിൽ 110290 രൂപ പഞ്ചായത്ത് ഫണ്ടിനു നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിഷയം ഓഡിറ്റ് എൻക്വയറി (10/07.03.2023) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. 01.04.2022മുതൽ പഞ്ചായത്തിൽ ILGMSനടപ്പാക്കുന്നതിനാലാണ് സിപിആർസിഎസ് മുഖേന കമ്പ്യൂട്ടർ വാങ്ങാതിരുന്നതെന്നും, ഡെസ്ക്ടോപ്പും ലാപ്ടോപ്പും പരസ്പരം മാറിപ്പോയത് നോട്ടപ്പിശകാണെന്നും മുൻ സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കിയതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കി, ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ നഷ്ടമായ 110290 രൂപ, ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കേണ്ടതാണ്.

## 3-2 മൈക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിൽ അപാകതകൾ - അധികച്ചെലവ്

പ്രോജക്ടിന്റെ പേര് - ഗ്രാമപ്പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മൈക്ക് സ്ഥാപിക്കൽ (നം. 164/22)

ചെലവ് – ₹ 297900 ബിൽ നം.279 തീയതി 27.01.2022 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)

ഗ്രാമപ്പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്കാവശ്യമായ മൈക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വീഴ്ചയുണ്ടായി. 2.98ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ മൈക്ക് സെറ്റ് നിലവിൽ പ്രവർത്തന രഹിതമാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തവരെ ഒഴിവാക്കി ഉയർന്ന വിലയ്ക്ക് മൈക്ക് സെറ്റ് വാങ്ങി

മൈക്ക് സെറ്റ് വാങ്ങിയതിൽ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളെയും വ്യക്തികളെയും പരിഗണിക്കാതെ, ഉയർന്ന വിലയ്ക്കാണ് മൈക്ക് സെറ്റ് വാങ്ങിയത്. ടെണ്ടർ ക്ഷണിച്ചതിൽ, ചുവടെ പറയുന്ന സ്ഥാപനങ്ങൾ തങ്ങളുടെ നിരക്കുകൾ സമർപ്പിച്ചു.

| ക്രമ നം | സ്ഥാപനം | ലഭ്യമാക്കിയ നിരക്ക് |
|---|---|---|
| 1. | ആർ.ജെ.എന്റർപ്രൈസസ്, കൊല്ലം | 91200 |
| 2. | ആൻടിക്കോം സിസ്റ്റംസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, റാന്നി | 149144 |
| 3. | റ്റിനു തോമസ്, ആര്യപ്പള്ളിൽ | 108500 |
| 4. | സജു, കണ്ണംപാറയിൽ | 250000 |
| 5. | വർഗ്ഗീസ് തോമസ്, ആര്യപ്പള്ളിൽ | 224000 |
| 6. | ശബരീനാഥ്, മോടിയിൽ | 300000 |

കുറഞ്ഞ നിരക്ക് സമർപ്പിച്ച ആർ.ജെ.എന്റർപ്രൈസസ്, റ്റിനു തോമസ്, ആര്യപ്പള്ളിൽ എന്നിവയെ ഒഴിവാക്കി, ആൻടിക്കോം സിസ്റ്റംസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്ന് 297900രൂപയ്ക്ക് മൈക്ക് സെറ്റ് വാങ്ങുകയായിരുന്നു. ടി സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. ഈയിനത്തിൽ 57944 രൂപ അധികം ചെലവഴിക്കേണ്ടിവന്നു.

ആവശ്യകത പരിശോധിച്ച് ഉറപ്പുവരുത്തിയില്ല

പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മൈക്ക് സെറ്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം തേടിയിട്ടില്ല. ഹാളിന്റെ വലിപ്പം, ഉപയോഗിക്കേണ്ടിവരുന്ന മൈക്കുകളുടെ എണ്ണം, ഹാളിന്റെ സീറ്റിംഗ് കപ്പാസിറ്റി തുടങ്ങിയ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ആംപ്ലിഫയർ, ശബ്ദ സംവിധാനം എന്നിവയുടെ ആവശ്യകത നിർണ്ണയിക്കേണ്ടത്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സേവനം ഇക്കാര്യത്തിൽ പഞ്ചായത്തിന് തേടാമായിരുന്നു. എന്നാൽ ഇപ്രകാരം സാങ്കേതിക പരിശോധന കൂടാതെയാണ് പഞ്ചായത്തിലെ ചെറിയ കോൺഫറൻസ് ഹാളിലേക്ക് 28ചാനൽ മിക്സർ വാങ്ങിയിട്ടുള്ളത്.

സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഒരു സാങ്കേതിക വിദഗ്ധന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. മിക്സർ സംവിധാനമുള്ള ആംപ്ലിഫയർ പ്രവർത്തിപ്പിക്കാൻ പ്രത്യേക സാങ്കേതിക പരിജ്ഞാനമുള്ളവർ പഞ്ചായത്തിൽ ഇല്ല. അതിനാൽ മിക്സർ എപ്രകാരം പ്രവർത്തിപ്പിക്കുമെന്നത് വ്യക്തമല്ല. വാങ്ങിയ മൈക്കുകളും മറ്റ് ഉപകരണങ്ങളും നിലവിൽ പ്രവർത്തനരഹിതമാണ്.

ബില്ലിൽ പറഞ്ഞിട്ടുള്ള ഇനം മിക്സർ അല്ല സ്ഥാപനം സപ്ലൈ ചെയ്തത്

ഭൗതിക പരിശോധന നടത്തിയതിൽ, സ്ഥാപനം സമർപ്പിച്ച ടെണ്ടറിലും ബില്ലിലും പറഞ്ഞിട്ടുള്ള ഇനം മിക്സർ അല്ല പ്രസ്തുത സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | (ടെണ്ടർ / ബിൽ പ്രകാരം) | സപ്ലൈ ചെയ്തത് | നൽകിയ വില |
|---|---|---|---|
| 28 Channel Mixer Brand AHUJA | മോഡൽ നം. STUDIOMASTER AIR PRO 28 | മോഡൽ നം. STUDIOMASTER AIR PRO 24 | 68204 |

28ചാനൽ മിക്സർ നൽകേണ്ട സ്ഥാനത്ത് 24ചാനൽ മിക്സറാണ് സ്ഥാപനം ലഭ്യമാക്കിയത്. ഇവയുടെ വിലകൾ തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. വിപണിയിൽ 40000രൂപ മാത്രമാണ് ഇതിനു വിലയുള്ളത്. വാങ്ങിയ മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും ഗ്രാമപ്പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 02ൽ ചേർത്തിട്ടുണ്ട്. സ്റ്റോക്കിലെടുത്തപ്പോൾ ഈ വ്യത്യാസം ശ്രദ്ധിക്കുകയോ സപ്ലൈ ചെയ്ത സ്ഥാപനത്തെ വിവരം അറിയിച്ച്, അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്തില്ല.

വാറന്റി കാലയളവിൽത്തന്നെ മൈക്ക് സെറ്റിന്റെ പ്രവർത്തനം നിലച്ചു

വാങ്ങിയ മൈക്കും ഉപകരണങ്ങളും വാറന്റി കാലയളവിനുള്ളിൽത്തന്നെ പ്രവർത്തനരഹിതമായി. എന്നാൽ സ്ഥാപനത്തെ ഈ വിവരം അറിയിക്കുന്നതിനോ, വാറന്റി പ്രകാരം റിപ്പയർ ചെയ്തു വാങ്ങുന്നതിനോ പഞ്ചായത്ത് ശ്രമിച്ചില്ല.

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച വിശദീകരണത്തിനായി, നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറികൾ (20/09.03.2023, 21/09.03.2023)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി, ഉയർന്ന വിലയ്ക്ക് വാങ്ങൽ നടത്തിയതുമൂലം പഞ്ചായത്തുഫണ്ടിനു നഷ്ടമായ 57944 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കേണ്ടതാണ്. ബാക്കി തുക 239956 രൂപ തടസ്സത്തിൽ വയ്ക്കുന്നു.
28ചാനൽ മിക്സറിന്റെ വിലയ്ക്ക് 24 ചാനൽ മിക്സർ വാങ്ങിയതുമൂലം പഞ്ചായത്തുഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിനും, പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ പരിശോധിക്കുന്നതിനും വകുപ്പുതലത്തിൽ നടപടിക്ക് ശുപാർശ ചെയ്യുന്നു. കൂടാതെ, കേടായ മൈക്ക് സെറ്റ്, ആൻടിക്കോം സിസ്റ്റംസിന്റെ ഉത്തരവാദിത്വത്തിൽ റിപ്പയർ ചെയ്തു ലഭിക്കുന്നതിനുള്ള നടപടി, സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 600000 | 66/22 കിഴങ്ങ് വർഗ്ഗ കൃഷി (ജനറൽ) | 600000 | 0 |
| | 999200 | 68/22 കിഴങ്ങ് വർഗ്ഗ കൃഷി (SCP) | 999200 | 0 |
| | 1000000 | 325/22അങ്കണവാടിക്കുട്ടികൾക്ക് പോഷകാഹാരം | 1000000 | 0 |
| | 1580000 | 192/22 ലൈഫ് മിഷൻ (ഭവനനിർമ്മാണം) | 1580000 | 0 |
| | 3010000 | 194/22 ലൈഫ് മിഷൻ (ഭവനനിർമ്മാണം) | 3010000 | 0 |
| | 100000 | 50/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 175340 | 45/22 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ | 175340 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3950000 | 194/22 ലൈഫ് മിഷൻ (ഭവനനിർമ്മാണം) | 3950000 | 0 |
| | 200000 | 50/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | 21/2022-വിവിധ വാർഡുകളിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ട്രാൻസ്ഫോമർ എന്നിവ മാറ്റി സ്ഥാപിക്കൽ | 372965 | 0 | 372965 | പ്രവൃത്തി പൂർത്തീകരിച്ചില്ല |
| | 158/2022-പൂവേലിക്കുന്ന് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 52305 | 0 | 52305 | |
| | 160/22 മൂന്നുകല്ല് വാർഡിലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 772830 | 0 | 772830 | -ടി- |
| | 286/22 മിനി ക്രിമിറ്റോറിയം - ത്രീ ഫെയ്സ് കണക്ഷൻ | 394169 | 0 | 394169 | -ടി- |
| KSHB | 292/22 മാർക്കറ്റ് പുനരുദ്ധാരണത്തിന്റെ ഭാഗമായി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 9615962 | 0 | 9615962 | -ടി- |
| KWA | 266/22 എസ്എൻഡിപി പ്പടി കൊട്ടാരത്തിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 48580 | 0 | 48580 | -ടി- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (KURDFC) | 16472708 | 2097333 | | 14375375 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് നം./തീയതി |
|---|---|---|---|---|

| വർഷം | | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 1999-2000 | 6-6-1, 6-6-2, 6-6-3 | 2330 | വി.റ്റി. ബായിച്ചൻ, പ്രകാശ് പി.,ബഷീർ, | 121160102286/28.01.2022 |
| 1999-2000 | 3 | 806 | സെക്രട്ടറി | 121160102284/28.01.2022 |
| 1999-2000 | 13(A), 13(B) | 1831 | സെക്രട്ടറി | 121160102284/28.01.2022 |
| 2001-02 | 2-5<br>2-1 | 2832<br>500 | ജി. അശോക് കുമാർ, സെക്രട്ടറി | 121160101530/10.12.2021<br>121160102013/01.01.2022 |
| 2001-02 | 2-13 | 395 | ജി. അശോക് കുമാർ, സെക്രട്ടറി | 121160102014/01.01.2022 |
| 2001-02 | 2-20 | 318 | വി.റ്റി.ബായിച്ചൻ | 121160102015/01.01.2022 |
| 2002-03 | 2-3 | 505 | പ്രദീപ്കുമാർ | 121160102016/01.01.2022 |
| 2004-05 | 3-15 | 1100 | സെക്രട്ടറി | 121160102017/01.01.2022 |
| 2006-07 | 3-2 | 2865 | ശ്രീമതി ജസ്സി അഗസ്റ്റിൻ, മുൻ പ്രസിഡന്റ് | 121160102286/28.01.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-7 | 2007-08 | 3.13.1 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2004-05 | 2(1) | 2009-10 | 2.1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകത | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3(16) | 2009-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് പരാമർശം | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2013-14 | 2.2 | 2016-17 | അദ്ധ്യായം1 (2-2) | സർക്കാർ/അർദ്ധ സർക്കാർ ചുമതലയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 (2-2) | വസ്തുനികുതി പരിഷ്കരണ നടപടികൾ ആധികാരികമല്ല | പരാമർശം തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | 2.3(എ) | 2016-17 | അദ്ധ്യായം 2, 2.3 (എ) | തൊഴിൽ നികുതി പിരിവ് അപാകത | പരാമർശം തീർപ്പാക്കിയിട്ടില്ല |
| | 2.3(ബി) | 2016-17 | അദ്ധ്യായം 2, 2.3 (ബി) | മുഴിയാർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം തീർപ്പാക്കിയില്ല |
| | 2-3(സി) | 2016-17 | അദ്ധ്യായം 2, 2.3 (സി) | ഗുഡ്രിക്കൽ ഫോറസ്റ്റ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം തീർപ്പാക്കിയില്ല |
| | 2-4 | 2016-17 | അദ്ധ്യായം 2, 2.4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് | പരാമർശം തീർപ്പാക്കിയില്ല |
| 2015-16 | 2.3 | 2016-17 | അദ്ധ്യായം2 (2.3) | 2015-16 വർഷത്തെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായില്ല | പരാമർശം തീർപ്പാക്കിയില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 170625212 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 143767378 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 168284 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1857338 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 110290 | ശ്രീ അശോകകുമാർ ജി, സെക്രട്ടറി |
| 3-2 | 57994 | ശ്രീ അശോകകുമാർ ജി, സെക്രട്ടറി |
| ആകെ | 168284 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 34715 | ശ്രീമതി സിന്ധു വി., ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 1045120 | ശ്രീ അശോകകുമാർ ജി, സെക്രട്ടറി |
| 1-26 | 10000 | ശ്രീ.സുധീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 1-31 | 527547 | ശ്രീമതി നിഷ ആനി ജോസഫ്, ICDS |

| | | |
|---|---|---|
| | | സൂപ്പർവൈസർ |
| 3-2 | 239956 | ശ്രീ അശോകകുമാർ ജി, സെക്രട്ടറി |
| ആകെ | 1857338 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-16, 3-1, 3-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അശോകകുമാർ ജി, സെക്രട്ടറി | വിരമിച്ചു | ദേവ് സദനം, തണ്ണിത്തോട് പി.ഒ. |
| ശ്രീമതി സിന്ധു വി., ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കൊല്ലം | പൌർണ്ണമി, കൈയില, മൈലൂട് പി. ഒ., വെളിയം |
| ശ്രീ.സുധീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സിഎച്ച്സി, വല്ലന | കുറ്റീലേത്ത് കിഴക്കതിൽ, ഇടക്കുന്നം, ചാരുംമൂട് പി.ഒ. 690505 |
| ശ്രീമതി നിഷ ആനി ജോസഫ്, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, വടശ്ശേരിക്കര | വൈദ്യൻ പറമ്പിൽ, കൊന്നക്കോട്ട്, കോമല്ലൂർ, ചാരുമൂട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-2000 | എൽ.എഫ്.പി.റ്റി.എ./പി.3 /64/2001 തീയതി: 4.2.2001 | 1 (ഖണ്ഡിക27(d)) |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി4/422/03 തീയതി: 7.1.04/2.05.04 | 7 (38,40,41,42,44,45,46) |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി.4/29/06 തീയതി: 03.08.06 | 2 (2-4, 2-19) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി 4/923/07 തീയതി: 24.3.2008 | 2 (2-2, 2-17) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി5/976/08 തീയതി: 10.07.09 | 8 (3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10 എ) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി5/977/08 തീ.: 30.06.09/29.07.09 | 2 (2-4,3-5) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി5/625/09 തീയതി: 8-12-2010 | 1 (ഖണ്ഡിക3-11) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.5/626/09 തീയതി: 08.12.2010 | 6 (2-9, 3-1, 3-4, 3-8, 3-10, 3-12) |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.5/479/2010 തീ.: 2-7-2011/4-7-2013 | 3, (3(8),3(12),3(16)) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.6/856/2016 തീയതി: 27.07.2016 | 5 (2-2, 2-3, 2-4, 3-4, 3-6 ) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.6/1284/16 തീയതി: 24.11.2016 | 1 (2-3) |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി6-1110/17 തീയതി:03.10.2017 | 5 (3-3,3-8,3-12,3-13(1),3-18) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/106/2019 തീയതി: 06-3-2019 | 9(3-1(1),3-2,3-3,3-4,3-12,3-14, 3-16,3-24,3-25) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/730/19 തീയതി: 16.09.2019 | 3 (2-2, 2-3, 3-3-1(2),(3)) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6/305/22തീയതി: 26.03.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി6/548/22തീയതി: 17.06.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്